**സബ്മിഷൻ**

(1) പി.എസ്.സി. അംഗങ്ങളുടെ നിയമന വിവാദം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള പബ്ലിക് സർവീസ് കമ്മീഷനിൽ അംഗമായി നിയമനം വാഗ്ദാനം ചെയ്ത് കോഴിക്കോട് സി.പി.ഐ.(എം.) ടൗൺ ഏരിയാ കമ്മിറ്റി അംഗം കോഴിക്കോട് സ്വദേശിനിയായ ഒരു വനിതാ ഡോക്ടറിൽനിന്നും 22 ലക്ഷം രൂപ കൈപ്പറ്റിയെന്നുള്ള ആരോപണം വളരെ ഗൗരവത്തോടുകൂടി വരികയാണ്. സംസ്ഥാന മന്ത്രിസഭയിൽ അംഗമായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും സി.പി.ഐ.(എം.) കോഴിക്കോട് ജില്ലാ സെക്രട്ടറിയുടെയും ജില്ലയിൽനിന്നുള്ള ചില എം.എൽ.എ.-മാരുടെയും പേരുകളൊക്കെ പറഞ്ഞ് ഈ യുവനേതാവ് ആദ്യം 60 ലക്ഷം രൂപ ആവശ്യപ്പെടുകയും 22 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തുവെന്നാണ് ആരോപണം വന്നിരിക്കുന്നത്. ഭരണഘടന സ്ഥാപനമായ പബ്ലിക് സർവീസ് കമ്മീഷന്റെ മുഴുവൻ പ്രവർത്തനങ്ങളെയും സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഗുരുതരമായ ആരോപണം ഉയർന്നുവന്നിട്ടും ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ

തയ്യാറായിട്ടില്ല. ചിലപ്പോൾ എം.എൽ.എ.-മാരുടെയോ എം.പി.മാരുടെയോ മന്ത്രിമാരുടെയൊക്കെ പേര് പറഞ്ഞ് ആളുകൾ തട്ടിപ്പ് നടത്താറുണ്ട്. അത് അജ്ഞാതരായിട്ടുള്ള, നമ്മൾ കണ്ടിട്ടുപോലുമില്ലാത്ത വ്യക്തികളായിരിക്കും. പക്ഷെ, ഇത് അങ്ങനെയുള്ള വ്യക്തികളല്ല. എപ്പോഴും ഇവരുടെ കൂടെ നടക്കുന്ന സന്തതസഹചാരികളായിട്ടുള്ള ആളുകളാണ്. അപ്പോഴാണ് ജനങ്ങൾക്ക് കൂടുതൽ വിശ്വാസം വരുന്നത്. ഇത്തരത്തിൽ ആരോപണങ്ങൾ ഉയർന്നിരിക്കുന്ന ആളുകൾ തെറ്റുകാരാണെന്നുള്ള വിധിക്കൊന്നുമല്ല ഞാൻ പോകുന്നത്. പക്ഷേ ഇത്തരം വ്യക്തികൾ ഭരണകക്ഷി പാർട്ടിയിലുണ്ട്. നിങ്ങളെയൊക്കെ ചൂണ്ടിക്കാണിച്ച്, നിങ്ങൾക്ക് കൊടുക്കാനാണെന്ന് പറഞ്ഞ് ജനങ്ങളുടെ കൈയിൽനിന്ന് പണം വാങ്ങുന്ന വ്യക്തികളുണ്ട്. ഈ വാർത്ത ശരിയാണോയെന്ന് എനിക്കറിയില്ല; ഒരു കോക്കസ് ഇങ്ങനെ പ്രവർത്തിക്കുന്നുവെന്നുള്ളതിനാലാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ പരാതി കൊടുത്തത്. കണ്ണൂരുള്ളതുപോലെ ഒരു കോക്കസ് കോഴിക്കോട്ടും പ്രവർത്തിക്കുന്നുയെന്നതാണ് അതിന്റെ അർത്ഥം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, പബ്ലിക് സർവ്വീസ്

കമ്മീഷൻ അംഗം എന്നുപറയുന്നത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റാണ്. അവരെ നിയമിക്കാൻവേണ്ടി ലേലത്തിൽ വയ്ക്കുകയാണ് ചെയ്യുന്നത്. ഇത് ആദ്യത്തെ സംഭവമാണോ? ഘടകകക്ഷിയായ എൻ.സി.പി.യുടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ബിജു ആബേൽ ജേക്കബിന്റെ ടെലിഫോൺ സംഭാഷണം പുറത്തുവന്നിട്ടുണ്ട്. പി.എസ്.സി. അംഗത്തിനെ നിയമിക്കാൻവേണ്ടി എൻ.സി.പി. ലക്ഷക്കണക്കിന് രൂപ വാങ്ങിച്ചിട്ടുണ്ടെന്ന് ആരോപണം ഉന്നയിച്ചിട്ടുണ്ടായിരുന്നു. മറ്റൊരു ഘടകകക്ഷിയായ ജനതാൾ (സെക്കുലർ)-ന്റെ കാര്യത്തിൽ പാർട്ടിയുടെതന്നെ സംസ്ഥാന നേതാക്കൾ പരാതി കൊടുത്തു. ഒരു വർഷമായിട്ട് ആ പാർട്ടിയുടെ പോസ്റ്റിലും നിയമനം നടത്താതിരിക്കുകയാണ്. ഏറ്റവും കൂടുതൽ തുക കൊടുക്കുന്ന ആളുകൾക്കാണ് നിയമനം കൊടുക്കുന്നത്. അതുകൊണ്ട് അത് ലേലത്തിൽവച്ചിരിക്കുകയാണ്. INL എം.എൽ.എ.യെ സംബന്ധിച്ച് ഒരാക്ഷേപവും ഇതിനുമുമ്പ് ഉയർന്നിട്ടുണ്ട്. ഇതിൽ എത്ര പി.എസ്.സി. അംഗത്തിനെയാണ് ലേലത്തിൽ വച്ചിരിക്കുന്നത്? 'മുമ്പേ ഗമിക്കുന്ന ഗോവ് തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം' എന്നു

പറയുന്നതുപോല ഈ സർക്കാരിന് നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടി, ഇത്തരത്തിൽ പി.എസ്.സി. അംഗങ്ങളുടെ നിയമനം ലേലത്തിൽ വച്ചാൽ ബാക്കിയുള്ള ഘടകകക്ഷികളെല്ലാം അങ്ങനെ ചെയ്യില്ലേ? പി.എസ്.സി. മെമ്പർ പോസ്റ്റാണ് ലേലത്തിൽ വച്ചിരിക്കുന്നത്. ഇങ്ങനെ കാശ് കൊടുത്ത് നിയമനം വാങ്ങിക്കുന്നവർ ഇവിടെ വന്നിട്ട് എന്താണ് ചെയ്യാൻ പോകുന്നത്? 60-90 ലക്ഷം രൂപയൊക്കെ കൊടുത്ത് അംഗമാകുന്നവർ പി.എസ്.സി.-യിൽ വന്നിരുന്നാൽ അവിടത്തെ ഇന്റർവ്യൂവിന് എന്ത് വിശ്വാസ്യതയാണുള്ളത്? ലക്ഷക്കണക്കിന് ചെറുപ്പക്കാർ സ്വപ്നവും പ്രതീക്ഷയുമായി പബ്ലിക് സർവീസ് കമ്മീഷനെ കാണുന്ന ഇക്കാലത്ത് അതിലെ അംഗങ്ങളെ ലേലത്തിൽവച്ച് കാശ് വാങ്ങിച്ചിട്ടാണോ നിയമിക്കുന്നത്? ഇത് എന്തൊരു അപമാനകരമായ കാര്യമാണ്; സംസ്ഥാനത്തിന് മുഴുവൻ അപമാനകരമായ കാര്യമാണിത്. ഇത് നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തരകാര്യമൊന്നുമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഇത് സബ്മിഷനാണ്, അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിപ്പോൾ അവസാനിപ്പിക്കാം. ഇത് നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തരകാര്യമാണെങ്കിൽ ഞങ്ങൾ ഇടപെടാൻ വരില്ല. എന്നാൽ ഇതിനെ നിങ്ങളുടെ പാർട്ടിയിലെ ആഭ്യന്തരകാര്യംപോലെ കൈകാര്യം ചെയ്യുകയാണ്. ഇക്കാര്യത്തിൽ പാർട്ടി തന്നെ പോലീസ് സ്റ്റേഷനും കോടതിയുമായാൽ പോരാ. നിങ്ങളുടെ എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും പേര് പറഞ്ഞ് കബളിപ്പിച്ച് കാശ് വാങ്ങിച്ചുയെന്നുള്ള പരാതി കൈയിൽ ലഭിച്ചിട്ട് എന്തുകൊണ്ടാണ് നിങ്ങൾ പോലീസിലേക്ക് റെഫർ ചെയ്യാത്തത്? എന്തുകൊണ്ടാണ് അതുകൊണ്ടുപോയി ഫ്രീസറിൽ വച്ചത്; നിങ്ങളത് പോലീസിന് കൊടുക്കേണ്ടതല്ലേ; ഇതൊരു ക്രിമിനൽ കുറ്റമല്ലേ; ഗൗരവതരമായിട്ടുള്ള കാര്യമല്ലേ. പി.എസ്.സി. അംഗങ്ങളുടെ നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന കാര്യത്തിലും എഫ്.ഐ.ആർ. ഇട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നകാര്യത്തിലും സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണം. പല രംഗത്തും ഇത്തരം കോക്കസുകൾ പ്രവർത്തിക്കുന്നുണ്ട്. സബ്മിഷനായതുകൊണ്ട് അതിനെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഇതിന് അടിയന്തരമായിട്ടുള്ള അന്വേഷണം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ രാജ്യത്തുതന്നെ ഏറ്റവും മാതൃകാപരമായ പ്രവർത്തനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസിയാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. സുതാര്യമായ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇതുവരെ യാതൊരുതരത്തിലുള്ള ബാഹ്യ ഇടപെടലുമുണ്ടായിട്ടില്ലായെന്നത് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. ഭരണഘടന സ്ഥാപനമായ കേരള പബ്ലിക് സർവീസ് കമ്മീഷനിലെ അംഗങ്ങളുടെയും ചെയർമാന്റെയും നിയമനം 1957-ലെ Kerala Public Service Commission (Composition and Conditions of Service of Members and Staff) റെഗുലേഷൻസ് പ്രകാരമാണ്. അംഗങ്ങളുടെയും ചെയർമാന്റെയും കാര്യത്തിൽ മന്ത്രിസഭ പരിഗണിച്ചുനൽകുന്ന ശിപാർശകളിൽ ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരത്തോടുകൂടിയാണ് നിയമനം നടത്തുന്നത്. കുറ്റമറ്റതും സുതാര്യവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് പബ്ലിക് സർവീസുകളിലേക്കുള്ള നിയമനങ്ങൾ കമ്മീഷൻ നടത്തുന്നത്. ഭരണഘടന അനുശാസിക്കുന്നപ്രകാരം കമ്മീഷൻ അതിന്റെ കർത്ത്യവങ്ങൾ കാര്യക്ഷമതയോടെ നിർവഹിച്ചുവരികയാണ്. അത്തരമൊരു ഭരണഘടന സ്ഥാപനത്തെ

അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള ആരോപണങ്ങൾ നിർഭാഗ്യകരമാണ്. പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള മാധ്യമവാർത്തകളല്ലാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളുണ്ടായതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. അംഗങ്ങളുടെ നിലയെടുത്ത് പരിശോധിച്ചാൽ, കേരളത്തിൽ 1956-നുശേഷം പ്രവർത്തിക്കുന്ന പി.എസ്.സി.യിൽ 1982-ൽ 9 അംഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. 1983-ലാണ് അത് 13 അംഗങ്ങളായി മാറുന്നത്. 1984 ആയപ്പോൾ അത് പതിനഞ്ച് അംഗങ്ങളായി. പിന്നീടൊരു  മാറ്റം വരുന്നത് 2005-ലാണ്. അന്ന് അത് പതിനെട്ടായി. 2013 ആയപ്പോൾ വീണ്ടും മാറ്റം വന്നു, അത് 21-യായി. ഇവിടെ സൂചിപ്പിച്ച വർഷങ്ങളെല്ലാം യു.ഡി.എഫ് ഭരണകാലത്തുണ്ടായിട്ടുള്ളതാണ്. ഇതുവരെ  എൽ.ഡി.എഫ്. സർക്കാർ  ഈ നിലയിലുള്ള അംഗത്വത്തിൽ വർധനവ് വരുത്താൻ തയ്യാറായിട്ടില്ല. 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 21 അംഗങ്ങൾ ആവശ്യമുണ്ടോ എന്നൊരു പരിശോധന സ്വാഭാവികമായിട്ട് നടത്തി. എന്നാൽ അത് യാഥാർത്ഥ്യമായിരിക്കുകയാണ്, അതിന്റെ ഭാഗമായി ധാരാളം റിക്രൂട്ട്മെന്റുകൾ നടക്കുന്നു എന്നതരത്തിലുള്ള

വാദഗതികൾ വന്നപ്പോൾ ഞങ്ങളത് അംഗീകരിച്ചുകൊടുക്കുന്ന നിലയാണുണ്ടായത്. ഞങ്ങൾ ഏതെങ്കിലും ഒരാളുടെ എണ്ണവും ഒരു ഘട്ടത്തിലും വർധിപ്പിക്കാൻ തയ്യാറായിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി.-ൽ നിയമിക്കപ്പെടുന്നവരെക്കുറിച്ച് പൊതുവിൽ വലിയ ആക്ഷേപങ്ങളൊന്നും ഉയർന്നുവന്നിരുന്നില്ലായെന്നതാണ് വസ്തുത. എന്നാൽ നാം ഓർക്കേണ്ട കാര്യം, 2004-ൽ ഇതുമായി ബന്ധപ്പെട്ട് വലിയ വിവാദം ഉയർന്നുവന്നിരുന്നു. അന്തരിച്ചുപോയ കെ. കരുണാകരൻ, ഉമ്മൻ ചാണ്ടി, ആര്യാടൻ മുഹമ്മദ്, വക്കം പുരുഷോത്തമൻ എന്നിവരുടെയെല്ലാം പേരുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവാദങ്ങൾ ആ ഘട്ടത്തിൽ ഉയർന്നുവന്നത് നമ്മളെല്ലാവരും കേട്ടിട്ടുള്ളതാണ്.

സർ, ഇവിടെ നിയതമായ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പി.എസ്.സി. അംഗങ്ങളെ നിയമിക്കുന്നത്. സർവ്വദാ യോഗ്യരായ ഇത്തരമൊരു ഭരണഘടനാ സ്ഥാപനത്തിലിരിക്കാൻ അർഹതയുള്ള ആളുകളെ മാത്രം നിശ്ചയിക്കുകയെന്ന രീതിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിനകത്ത് ഏതെങ്കിലും തരത്തിലുള്ള തെറ്റായ രീതികളോ ദുസ്വാധീനങ്ങളോ ഉണ്ടാകുന്നില്ലെന്നത് ഉറപ്പിച്ചുതന്നെ പറയാൻ

കഴിയും. അതുകൊണ്ടു തന്നെ ഇതേവരെയുള്ള പി.എസ്.സി.-യുടെ പ്രവർത്തനമെടുത്ത് പരിശോധിച്ചാൽ നിയമിക്കപ്പെട്ട പി.എസ്.സി. അംഗങ്ങളെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമോ പി.എസ്.സി. അംഗങ്ങളുടെ നിയമനത്തെക്കുറിച്ച് മറ്റേതെങ്കിലും തരത്തിലുള്ള ആക്ഷേപമോ ഉയർന്നുവന്നിട്ടില്ലെന്ന് കാണാൻ നമുക്ക് സാധിക്കും. ഭരണഘടന ഉറപ്പുനൽകുന്ന തരത്തിൽത്തന്നെ കൃത്യമായ ചുമതല ഇവർ നിറവേറ്റുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്ന വസ്തുത. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇന്ന് ഈ പ്രശ്നം ഇവിടെ ഉന്നയിക്കാൻ തീരുമാനിച്ചു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഒരു അഡ്വക്കേറ്റ് കൂടിയായതുകൊണ്ട് ഇതിന് ഉപോൽബലകമായ വസ്തുതകൾ വേണമല്ലോയെന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കാലത്ത് 8.21-ന് നമ്മുടെ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് ഇത്തരമൊരു അക്ഷേപം ഉന്നയിച്ചുകൊണ്ട് ഇന്ത്യൻ യൂത്ത് കോണഗ്രസ് ജനറൽ സെക്രട്ടറി എന്ന് പറഞ്ഞുകൊണ്ട് ഒരു ഇ-മെയിൽ അയച്ചിട്ടുള്ളത്. അതാണ് ആദ്യമായി കിട്ടിയ ഒരു പരാതി. അത് പരാതിയുണ്ടുവെന്ന് പറയുന്നതിന് വേണ്ടി, പ്രതിപക്ഷ നേതാവ് ഇങ്ങനെ സംസാരിക്കുമ്പോൾ ഒരു പരാതി വേണല്ലോ

എന്ന് കൃത്യമായ ധാരണയോടുകൂടി തയ്യാറാക്കിയതാണ് എന്ന് ആർക്കും മനസ്സിലാകും. ഇതൊക്കെ ഉയർന്നുവന്ന പരാതിയെക്കുറിച്ചുള്ള അന്വേഷണങ്ങളാണെങ്കിൽ ആ കാര്യം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള ഗൗരവമായ അന്വേഷണവും നടത്താൻ സർക്കാർ സന്നദ്ധമാകും. ഒരു തരത്തിലുള്ള വഴിവിട്ട നടപടികളും ഇവിടെ അംഗീകരിക്കപ്പെടുകയോ അത് വകവച്ച് കൊടുക്കുകയോ ചെയ്യില്ല. അതാണ് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട്. അതുകൊണ്ടുതന്നെ ഒരു ആശങ്കയും അക്കാര്യത്തിലുണ്ടാകേണ്ടതായിട്ടില്ല. തട്ടിപ്പുകൾ നാട്ടിൽ പല തരത്തിൽ നടത്താറുണ്ട്. പലരും തട്ടിപ്പുകൾ നടത്താൻ തയ്യാറാകുമുണ്ട്. ആ തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കുന്നുണ്ടോയെന്നുള്ളതാണ് പ്രശ്നം. ആ നടപടിക്ക് സർക്കാർ തയ്യാറാണ്. അത് കടുത്ത നടപടിക്ക് തന്നെ തയ്യാറാണ്. അതിനൊരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാവുകയുമില്ല. ഒരു അപേക്ഷ മാത്രമേയുള്ളൂ. നമ്മുടെ ഭരണഘടന സ്ഥാപനമായ പി.എസ്.സി.-യെ ഇതിന്റെ ഭാഗമായി കരിവാരി തേയ്ക്കാൻ ശ്രമിക്കരുത്.

............... (ബഹളം).............

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗമാണ്. നിങ്ങൾ അവിടെ ഇരിക്കൂ.... (ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗിക്കാം. ....

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് ഈ സഭയിലെ പ്രീസിഡന്റ് അറിയാത്തതുകൊണ്ടാണ്. ശ്രീ. വി. എസ് അച്ചുതാനന്ദനടക്കമുള്ള പ്രതിപക്ഷ നേതാക്കന്മാർ സബ്മിഷനിൽ ഇവിടെ വാക്കൗട്ട് നടത്തിയ പ്രീസിഡൻസുണ്ട്. ഒരാളെ അനുവദിക്കുള്ളൂ. ബാക്കിയുള്ള കക്ഷി നേതാക്കളെ അനുവദിക്കില്ല. അങ്ങ് പുതിയയാൾ ആയതുകൊണ്ടാണ് അങ്ങേയ്ക്ക് അറിയാത്തത്. ... (ബഹളം) ... നിങ്ങൾക്ക് അറിയാത്തതുകൊണ്ടാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്. നിങ്ങൾ ഇരിക്കൂ. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുതരമായ ഒരു ആരോപണം എനിക്കെതിരായി ഉന്നയിച്ചു. അതായത് എനിക്ക് ഈ നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കാൻ വേണ്ടിയാണ് ഞാൻ ഇന്ന് രാവിലെ 8.21-ന് യൂത്ത് കോൺഗ്രസ്സിന്റെ സെക്രട്ടറിയെകൊണ്ട് പരാതി നൽകിയത്. ഒന്ന് ഞാനത്

അറിഞ്ഞിട്ടില്ല എന്റെ അറിവോട് കൂടിയല്ല പരാതി. ഇവിടത്തെ വിഷയം അതല്ലല്ലോ. അങ്ങനെയാണെങ്കിൽ നിങ്ങളുടെ പോലീസ് എന്തിനാണ് ഇന്നലെ ഈ ഡോക്ടർ ദമ്പതികളുടെ മൊഴിയെടുത്തത്; ഇങ്ങനെയൊരു സംഭവം ഇല്ലെങ്കിൽ എന്തിനാണ് നിങ്ങളുടെ പാർട്ടി സെക്രട്ടറിയും എം.എൽ.എ.-യുമായ ശ്രീ. എം. വി. ഗോവിന്ദൻ ഈ ആരോപണം പാർട്ടിയും സർക്കാരും പരിശോധിക്കും എന്ന് പറഞ്ഞത്. നിങ്ങളിപ്പോൾ നെഗോഷിയേറ്റ് ചെയ്ത് വാങ്ങിച്ച പൈസ തിരിച്ചുകൊടുത്ത് ഇത് സെറ്റിൽ ചെയ്യാൻ നോക്കുകയാണ്; നിങ്ങൾ ഗുരുതരമായ കുറ്റമാണ് ചെയ്യുന്നത്. അങ്ങാണ് പി.എസ്.സി.-യെ കരിവാരി തേച്ച് പി.എസ്.സി.-യുടെ ക്രെഡിബിലിറ്റി കളഞ്ഞ് ഇവരെയെല്ലാം സംരക്ഷിക്കുന്നത്. പണം നിങ്ങടെ പാർട്ടിക്കാർ വാങ്ങിച്ചിട്ട് നിങ്ങൾ അവരെ സംരക്ഷിക്കുന്നത് നല്ലതല്ല. അതിൽ ശക്തിയായി പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭയിൽ നിന്നും പുറത്തുപോയി)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത് തീർത്തും വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ്.

ഇവിടെ ഏതെങ്കിലും തരത്തിലുള്ള ഒത്ത് തീർപ്പിനോ അതുമായി ബന്ധപ്പെട്ടുള്ള മറ്റ് നടപടികൾക്കോ സർക്കാർ നീങ്ങിയിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള തെറ്റായ കാര്യങ്ങൾ നടന്നാൽ ആ തെറ്റിനെതിരെ, അത് ആരുടെ ഭാഗത്ത് നിന്നുണ്ടായാലും കർക്കശമായ നടപടിയെടുക്കുക എന്നതാണ് സർക്കാർ സ്വീകരിച്ചു വരുന്ന നിലപാട്. അദ്ദേഹത്തിന്റെ പാർട്ടി രീതി വച്ചും പാർട്ടിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് വച്ചും അത് മറ്റുള്ളവരിലേയ്ക്ക് ആക്ഷേപിക്കുന്ന രീതി സ്വികരിക്കാൻ പാടില്ല. അതൊക്കെ കോൺഗ്രസ്സിന്റെ രീതിയാണ്, കോൺഗ്രസ്സിന്റെ ശൈലിയാണ്, കോൺഗ്രസ്സിന് മാത്രം അവകാശപ്പെട്ടതാണ്. അതൊന്നും ഞങ്ങൾക്കോ എൽ.ഡി.എഫ്-നോ, ഈ സർക്കാരിനോ ബാധകമായിട്ടുള്ളതല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (2) അനധികൃത തൊഴിൽ റിക്രൂട്ട്മെന്റ്

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം അതിഗുരുതരമായ ഒരു സാമൂഹിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ യുവാക്കളുടെയും നമ്മുടെ ചെറുപ്പക്കാരുടെയും തൊഴിലില്ലായ്മ ചൂഷണം

ചെയ്തുകൊണ്ട് വിദേശ തട്ടിപ്പുകാർ അവരെ അന്യരാജ്യങ്ങളിലേയ്ക്ക് കടത്തി മനുഷ്യക്കടത്തിനും ഓൺലൈൻ തട്ടിപ്പുകൾക്കും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ദുരുപയോഗപ്പെടുത്തുന്ന സംഭവങ്ങൾ ദൈനംദിനം വർദ്ധിച്ചുവരികയാണ്. നിരവധി ദൃശ്യമാധ്യമങ്ങളിലടക്കം ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ വരുന്നുണ്ട്. ഏഷ്യാനെറ്റിൽ ഒരു പരമ്പര വന്നിരുന്നു. " ചതി ചൈനയിലൂടെ" . റിപ്പോർട്ടർ എസ്. അരുൺകുമാർ കൊണ്ടുവന്ന ഒരു വാർത്തയാണ്. വിദേശരാജ്യങ്ങളിലെ കോൾ സെന്ററിലുകളിലേയ്ക്കാണ് കേരളത്തിലെ യുവതി യുവാക്കളെ റിക്രൂട്ട് ചെയ്യുന്നത്. അവിടെയെത്തപ്പെടുന്ന മലയാളികളായിട്ടുള്ള ചെറുപ്പക്കാർ തട്ടിപ്പുകൾ ആസൂത്രണം ചെയ്യുന്നതായി പുറത്തുവരുന്ന റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുകയാണ്. ഇത്തരത്തിൽ ചൈനീസ് തട്ടിപ്പ് സംഘങ്ങളുടെ വലയിൽ അകപ്പെട്ട അയ്യായിരത്തോളം ഇന്ത്യക്കാർ രക്ഷപ്പെടാനുള്ള വഴി തേടുകയാണെന്നാണ് റിപ്പോർട്ട്. നിരവധി മലയാളികളും ഈ സംഘത്തിലുണ്ട്. ഇന്ത്യക്ക് ഡിപ്ലോമാറ്റിക്ക് റിലേഷൻസില്ലാത്ത രാജ്യങ്ങളിലും സ്ഥലങ്ങളിലുമാണ് ഇത്തരം മലയാളികളായിട്ടുള്ള ഇന്ത്യാക്കാർ കുടുങ്ങിക്കിടക്കുന്നത്. ഇത്

സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്ത് കമ്പോഡിയ, മ്യാൻമർ, തായ്‌ലാന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേയ്ക്ക് ചെറുപ്പക്കാരെ ഇതുപോലെ കയറ്റി അയക്കുകയാണ്. ഇത്തരം തട്ടിപ്പു കമ്പനികളുടെ ഏജന്റുമാരായി നിരവധിയാളുകൾ കേരളത്തിലിന്ന് പ്രവർത്തിക്കുകയാണ്. ഇവ നൽകുന്ന വാഗ്ദാനങ്ങളിൽ കുടുങ്ങി വിവിധ രാജ്യങ്ങളിലേയ്ക്ക് എത്തിപ്പെടുന്നവർ തട്ടിപ്പ് തിരിച്ചറിയുമ്പോഴേക്കും രക്ഷപ്പെടാനുള്ള എല്ലാ വഴികളും അടഞ്ഞിരിക്കും. ഇന്ത്യാ ഗവൺമെന്റുമായി ഡിപ്ലോമാറ്റിക്ക് റിലേഷൻസില്ലാത്ത പല രാജ്യങ്ങളിലും ഇതുപോലെ ചെറുപ്പക്കാർ കുടുങ്ങി കിടക്കുന്നുണ്ട്. ഇതുവരെ അയ്യായിരം പേരുടെ പരാതികൾ വിവിധ ഏജൻസികൾക്ക് ലഭിച്ചിട്ടുണ്ട്. പക്ഷേ തട്ടിപ്പിനിരയായവരുടെ എണ്ണം ഇതിലും വളരെ കൂടുതലാണ്. കുടുങ്ങി കിടക്കുന്നവരിൽ കൂടുതലും കേരളത്തിൽ നിന്നുള്ളവരാണെന്നാണ് വിദേശ മന്ത്രാലയത്തിന്റെ ഒരു റിപ്പോർട്ട് എനിക്ക് വായിക്കാനിടയായത്. വിദേശ തട്ടിപ്പുകാരുടെ ഹബ്ബായി കേരളം മാറാൻ പാടില്ല. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക ഭദ്രതയെപ്പോലും അപകടത്തിലാക്കുന്ന

പ്രവർത്തനങ്ങളാണ് ഇതിൽ നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂരിലും കൊല്ലത്തും രജിസ്റ്റർ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് അന്വേഷണം വ്യാപിപ്പിക്കുന്നതിനും തട്ടിപ്പുകാരുടെ വലയിലകപ്പെട്ട മുഴുവൻ പേരെയും മോചിപ്പിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ മാഫിയ ശൃംഖല പൊട്ടിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണം. സി.ബി.ഐ., എൻ.ഐ.എ. പോലുള്ള കേന്ദ്ര ഏജൻസികളുടെ അന്വേഷണം ഇക്കാര്യത്തിൽ അനിവാര്യമാണ്. റിക്രൂട്ടിംഗ് സംഘങ്ങളുടെ അടിവേര് അറുക്കുന്നതിന് സർക്കാർ ശക്തമായ നിയമ നടപടി സ്വീകരിക്കണം. തട്ടിപ്പിനിരയായി അന്യരാജ്യങ്ങളിൽ കുടുങ്ങി കിടക്കുന്ന മുഴുവൻ മലയാളികളെയും തിരിച്ചെത്തിക്കുന്നതിന് കേന്ദ്ര സർക്കാരുമായി സംസ്ഥാന ഗവൺമെന്റ് സമ്പർക്കം പുലർത്തേണ്ടതായിട്ടുണ്ട്. വിദേശത്തേയ്ക്ക് ജോലി തേടി പോകുന്നവരെ സഹായിക്കുന്നതിനും ഇത്തരം തട്ടിപ്പുകളിൽ അകപ്പെടാതെ ജോലി വാഗ്ദാനത്തിന്റെ വിശ്വാസ്യത ഉറപ്പുവരുത്താനും നോർക്കയുടെ കീഴിൽ പ്രത്യേകമൊരു ഫെസിലിറ്റേഷൻ സെന്റർകൂടി

ആരംഭിക്കണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തെ യുവതി യുവാക്കളെ സമൂഹമാധ്യമങ്ങളിലൂടെ വ്യാജപരസ്യം നൽകിയും ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്തും വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ മ്യാൻമാർ, തായ്‌ലന്റ് അതിർത്തിയിലേയ്ക്കും മറ്റും കടത്തുന്നതായും ഇവരെ വിവിധതരം ഓൺലൈൻ തട്ടിപ്പുകൾക്കും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നതായും പരാതി ലഭിച്ചിട്ടുണ്ട്. ഈ വിവരം ലഭിച്ചയുടൻതന്നെ മ്യാൻമാർ യാത്രാപ്രശ്നം മുൻനിർത്തിയുള്ള മാർഗ്ഗനിർദേശങ്ങളും മുന്നറിയിപ്പും കേരളത്തിലുടനീളം സമൂഹമാധ്യമങ്ങളിലൂടെ നോർക്ക റൂട്ട്സ് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം മ്യാൻമാറിലെ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം തട്ടിപ്പ സംഘത്തിൽനിന്നും രക്ഷപ്പെട്ട് നാട്ടിലെത്തിയവരിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ രണ്ടുപേർക്കെതിരെയും

കണ്ടാലറിയാവുന്ന ഏജന്റിനെതിരെയും കേസ് രജിസ്റ്റർ ചെയ്യുകയും രണ്ടുപേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. വ്യാജ സിംകാർഡ് നിർമ്മിച്ച് സൈബർ സാമ്പത്തികത്തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സ്വദേശികളായ രണ്ടുപേരെ അറസ്റ്റുചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾ തടയാനും വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാരെ കണ്ടെത്താനും നവ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ തടയാനും ഫലപ്രദമായ നടപടി പോലീസ് സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി റിസർവ് ബാങ്ക് ഗവർണർക്കും ഇന്ത്യൻ സൈബർസെൽ കോ-ഓർഡിനേഷൻ സെന്ററിനും അയച്ചുകൊടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ, തൊഴിൽതട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവ സംബന്ധിച്ച പരാതികൾ പ്രത്യേകം പരിശോധിക്കാൻ നോർക്ക റൂട്ട്സ് കേന്ദ്ര വിദേശകാര്യ മന്ത്രാലയം, കേരള പോലീസ് എന്നിവയുടെ സംയുക്ത

സംരംഭമായ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 26-06-2024-ന് അടിയന്തര യോഗംചേർന്ന് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പോലീസിന്റെ എൻ.ആർ.ഐ സെല്ലിന് കൈമാറാൻ തീരുമാനിച്ചിട്ടുമുണ്ട്.

(3) താനൂർ ബോട്ടപകടത്തിൽ ബന്ധപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, താനൂർ ബോട്ടപകടമുണ്ടായിട്ട് ഒരു വർഷത്തിലേറെയായി. ദുരന്തമുഖത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ ഒരു രാഷ്ട്രീയവും ഒരു പ്രശ്നങ്ങളുമില്ലാതെ എല്ലാവരും സഹകരിച്ച് വളരെ ഗൗരവത്തോടുകൂടി ദുരന്തത്തിന് കാരണമായ വിഷയവും ഇനി ആവർത്തിക്കാതിരിക്കാനുള്ള വഴിയും ദുരന്തത്തിൽ അകപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നുള്ള കാര്യങ്ങളുമൊക്കെ അന്ന് ഉന്നയിച്ചതായിരുന്നു. മരിച്ചവർക്ക് അന്ന് കുറച്ച് പണം കൊടുക്കുകയും പരിക്കുപറ്റിയവർക്ക് തൽക്കാലം കൊടുക്കുന്ന പണം കൊടുക്കുകയും ചെയ്തു എന്നല്ലാതെ കമ്മിഷന്റെ Terms of reference-ൽ പോലും ഇവരുടെ തുടർ

ചികിത്സയ്ക്കോ, മരണമടഞ്ഞവരുടെ ആശ്രിതർക്ക് ശാശ്വതമായ പു:നരധിവാസത്തിനോ ഉള്ള വഴിയെന്താണൊന്നും വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല, കമ്മീഷന്റെ നടപടികൾ അനന്തമായി നീണ്ടുപോകുകയാണ്. മരിച്ചവരുടെയും, പരിക്കുപറ്റിയവരുടെയും രക്ഷിതാക്കളും കുട്ടികളുമൊക്കെ ഇപ്പോൾ കമ്മിഷന്റെ മുന്നിൽ വരികയാണ്. അതിനൊന്നും കമ്മീഷന് യാതൊരു ഉത്തരവാദിത്വവുമില്ല. അവർക്കുവേണ്ട വിവരങ്ങളൊന്നും ഉദ്യോഗസ്ഥർ നൽകുന്നുമില്ല. എല്ലാമൊരു പ്രഹസനമായി നീങ്ങുകയാണ്. ഇത്തരം ദുരന്തം ഉണ്ടായതെങ്ങനെയാണ്, ഇനി ഉണ്ടാകാതിരിക്കാനുള്ള മാർഗ്ഗങ്ങളെന്തൊക്കെയാണ് എന്നതുമാത്രം നോക്കാനാണ് കമ്മിഷനെ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നാണ് കമ്മിഷൻ പറയുന്നത്. വളരെ നിരുത്തരവാദപരമായാണ് കമ്മിഷൻ പ്രവർത്തിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് കമ്മിഷന്റെ പ്രവർത്തനത്തെ അർത്ഥവത്താക്കുകയും ഗുരുതരമായി പരിക്കുപറ്റിയവർക്ക് തുടർചികിത്സ ആവശ്യമായതിനാൽ അതിനുവേണ്ട പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ റൂറൽ തീരം ബീച്ചിൽ 07-05-2023-ൽ ഉണ്ടായ സ്വകാര്യ വിനോദയാത്ര ബോട്ടപകടത്തിൽപ്പെട്ട് മരണപ്പെട്ട 22 പേരുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപവീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിരുന്നു. പരിക്കേറ്റവരുടെ ചികിത്സാച്ചെലവ്, രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ വിഹിതമായി അനുവദിച്ചിരുന്നു. ദുരന്തനിവാരണ വകുപ്പ് 11-05-2023-ലെ 4/2023/DMD നം,പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട 22 പേരുടെ അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപവീതം ധനസഹായം വിതരണം ചെയ്യുന്നതിനായി 2,20,00,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാകളക്ടർക്ക് അനുവദിച്ചുകൊണ്ട് 12-05-2023-ൽ ഉത്തരവായിട്ടുണ്ട്. 11-05-2023-ലെ 4-2023/DMD പ്രകാരം ബോട്ടപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാച്ചെലവ്,

രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ നിധിയുടെ (SDRF) 2245-80-800-80 other miscellanious relief expenditure എന്ന ശീർഷകത്തിൽനിന്നും മലപ്പുറം ജില്ലാകളക്ടർക്ക് അനുവദിക്കണമെന്ന് അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെട്ട ഓരോ വ്യക്തിയുടെ കുടുംബത്തിനും 2 ലക്ഷം രൂപാ വീതവും ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലായവർക്ക് 50,000/- രൂപ വീതവും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ കുടുംബങ്ങൾ തമ്മിൽ അവകാശം സംബന്ധിച്ച തർക്കവും കോടതിയിൽ വ്യവഹാരവും നിലനിൽക്കുന്ന ഒരു കുടുംബത്തിലെ നാലുപേരുടെ അവകാശികൾക്കൊഴികെ, ബാക്കി 18 പേരുടെയും അവകാശികൾക്ക് മുകളിൽ സൂചിപ്പിച്ച ധനസഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആശുപത്രിയിൽ അവരുടെ ചികിത്സാച്ചെലവുകൾ സർക്കാർ ഏറ്റെടുത്തിരുന്നെങ്കിലും ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടവരുടെ ചെലവുകൾ ബന്ധപ്പെട്ട ആശുപത്രികൾതന്നെ വഹിച്ചിട്ടുണ്ട്. ബോട്ടപകടത്തിൽ പരിക്കേറ്റ ശ്രീ. മൻസൂർ മകൾ ആയിഷ

മെഹറിൻ എന്ന കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളതും കുട്ടിക്ക് ആവശ്യമായിട്ടുള്ള എല്ലാ വിദഗ്ധ ചികിത്സകളും ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതിനും ആയിഷ മെഹറിൻ എന്ന കുട്ടിയുടെ എല്ലാ ചികിത്സാ ചെലവുകളും ബില്ലുകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണമെന്ന് അറിയിച്ചുകൊണ്ട് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർക്ക് 09-05-2023-ൽ ജില്ലാകളക്ടർ കത്തു നൽകിയതുമാണ്. അതിനെത്തുടർന്ന് ചികിത്സയ്ക്കായി 06-06-2023-ൽ ഹോസ്പിറ്റലിൽ അഡ്മിറ്റായ കുട്ടി 13-06-2023-ൽ ഡിസ്ചാർജ്ജ് ആയിട്ടുള്ളതും 34,706 രൂപ ചികിത്സയുടെ ഭാഗമായി അടയ്ക്കാനായി ബന്ധപ്പെട്ട ബില്ലുകൾ സഹിതം ഹോസ്പിറ്റലിൽനിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ബന്ധപ്പെട്ട ഹോസ്പിറ്റലിന് അനുവദിച്ചുകൊടുത്തിരുന്നു. തുടർന്ന് ആയിഷ മെഹറിന്റെ ആരോഗ്യസ്ഥിതി സംബന്ധിച്ച് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബോട്ടപകടത്തെ തുടർന്ന് ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായും അതിന് തുടർ

ചികിത്സ ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സുബൈദ, വടക്കേ ചെവളത്ത് എന്നയാളിന്റെ അപേക്ഷ ലഭിച്ചതിനെത്തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൾക്ക് 8 വർഷം മുമ്പ് വാൽവ് റീപ്ലെയ്സ് ചെയ്തിട്ടുള്ളതും തുടർചികിത്സ ആവശ്യമാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. എട്ടു വർഷംമുമ്പ് വാൽവ് റീ പ്ലെയ്സ്മെന്റുമായി ബന്ധപ്പെട്ടതായതിനാൽ ശ്രീമതി സുബൈദയുടെ തുടർ ചികിത്സ സർക്കാർ വഹിക്കേണ്ടതില്ല എന്നാണ് സൂചിപ്പിച്ചിരുന്നത്. 14-05-2024-ൽ മേൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ. മൻസൂർ മകൾ ആയിഷ മെഹറിൻ എന്ന കുട്ടിക്കും ശ്രീ. മുഹമ്മദ് ജാഫിർ, മക്കളായ ജന്ന, ജർഷ എന്നീ മൂന്ന്കുട്ടികൾക്കും തുടർ ചികിത്സ ആവശ്യമുള്ളതായും നാളിതുവരെയുള്ള ചികിത്സയിൽ ചെലവായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മൻസൂർ, ശ്രീ. ജാഫിർ എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ, മേൽ സൂചിപ്പിച്ചിട്ടുള്ള മൂന്നു കുട്ടികൾക്കും തുടർ ചികിത്സ ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി കുട്ടികൾക്ക് തുടർ ചികിത്സയ്ക്കായി നാളിതുവരെ ചികിത്സയിനത്തിൽ കക്ഷികളിൽനിന്നും

ചെലവായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. സർക്കാർ ഉത്തരവ് 4/2023/DMD പ്രകാരം ധനസഹായം അനുവദിച്ചിരുന്നതിനാൽ ജുഡീഷ്യൽ കമ്മീഷന്റെ Terms of reference-ൽ നഷ്ടപരിഹാരം സംബന്ധിച്ച് വിഷയങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ കമ്മീഷൻ ഓപ്പൺ സിറ്റിംഗ് നടത്തിവരികയാണ്. സിറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഇടക്കാല റിപ്പോർട്ടോ, ഏതെങ്കിലും നിർദേശങ്ങളോ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടില്ല. Terms of reference-ൽ ഇതിന് അനുബന്ധമായോ ഇതിൽനിന്നുണ്ടാകുന്ന ബന്ധപ്പെട്ട മറ്റു കാര്യങ്ങളെക്കുറിച്ചോ അന്വേഷിക്കുക എന്ന വിഷയംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആതിനാൽ കമ്മീഷന് ആവശ്യമുള്ള പക്ഷം ഗൗരവമുള്ള മറ്റു വിഷയങ്ങളുംകൂടി പരിഗണിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുന്നതാണ്. അതിനാൽ ഓപ്പൺ സിറ്റിംഗ് നടന്നുവരുന്ന ഈ അവസരത്തിൽ Terms of reference-ൽ മാറ്റം വരുത്തേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല.

## (4) കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. പി. ടി. എ. റഹീം : സർ, പാലക്കാട്, മലപ്പുറം , കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥൻമാരുടെയും മൂന്ന് ജില്ലകളിലെയും മുഴുവൻ ജനപ്രതിനിധികളുടെയും ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് വിളിച്ചു ചേർത്തിരുന്നു. ന്യായമായ വില നൽകാമെന്നുള്ള ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ യാതൊരു ആക്ഷേപവുംകൂടാതെ സ്ഥലം നൽകാൻ എല്ലാ ആളുകളും തയ്യാറായി. പക്ഷെ കുറെ ആളുകൾക്ക് പണം നൽകിയതിനുശേഷം ദേശീയപാത അതോറിറ്റി വിഘാതം സൃഷ്ടിക്കുകയും പണം നൽകുന്നത് മരവിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പെരുമണ്ണ ടൗണിനെ കീറിമുറിച്ചാണ് അതു പോകുന്നത്. അവിടെയ്ക്ക് ആക്സസ് പോലും ഈ പാതയിൽനിന്നുമില്ല. എന്നിട്ടുപോലും ജനങ്ങൾ എല്ലാ വിധത്തിലും ഇക്കാര്യത്തിൽ സഹകരിക്കുകയുണ്ടായി. ദേശീയപാത അതോറിറ്റിയുടെ ഈ

നടപടി വളരെ ഗുരുതരമായ പ്രതിസന്ധിയാണുണ്ടാക്കിയത്. എല്ലാവരും ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇത് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൂടുതൽ തടസ്സം സൃഷ്ടിക്കുന്നതായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തൽ നഷ്ടപരിഹാരം പൂർണ്ണമായും നൽകുന്നതിന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. എ. റഹിം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതായതിനാൽ ആ ഗൗരവത്തോടുകൂടിത്തന്നെ സർക്കാർ പരിഗണിക്കുന്നതാണ്. പാലക്കാട്, മലപ്പുറം കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ എന്നറിയപ്പെടുന്ന ദേശീയ പാത 966-നു വേണ്ടി കോഴിക്കോട് ജില്ലയിൽ പെരുമണ്ണ, ഒളമണ്ണ വില്ലേജുകളിൽ നിന്നുമാണ് ഭൂമി ഏറ്റെടുക്കുന്നത്. പാലക്കാട് - കേഴിക്കോട് ഗ്രീഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ നിലനിന്നിരുന്ന വിഷയങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാപേരും ഉന്നയിക്കുകയും ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഉദ്യോഗസ്ഥരുടെയും

ജനപ്രതിനിധികളുടെയും ഒരു യോഗം ഞാൻതന്നെ നേരിട്ട് കോഴിക്കോട് ജില്ലയിൽ വിളിച്ചുചേർത്തിരുന്ന കാര്യം ബഹുമാനപ്പെട്ട അംഗംതന്നെ ഓർമ്മിപ്പിച്ചിരുന്നു. ഹൈവേ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിവരുന്നുണ്ടെന്നതിനാൽ, വിവിധ ഘട്ടങ്ങളിലായി ഉദ്യോഗസ്ഥരുടെ മാത്രം യോഗവും വിളിച്ചുചേർക്കുകയുണ്ടായി. 06-04-2022-ലെ 1665 ഇ 3 എ, 04-11-2024-ലെ 3 ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവുമാണ് പെരുമണ്ണ, ഒളമണ്ണ വില്ലേജുകളിൽ സ്ഥലമേറ്റെടുപ്പ് നടത്തിയിട്ടുള്ളത്. അതിനെത്തുടർന്ന് BVR, BVS എന്നീവ തയ്യാറാക്കി 292 അവാർഡുകൾ പാസ്സാക്കി, 188 കോടി 75 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ചെയ്തു. എന്നാൽ BVR തയ്യാറാക്കിയതിലെ അപാകത ചൂണ്ടിക്കാണിച്ച്, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രോജക്ട് ഡയറക്ടർ ജില്ലാ കളക്ടർ/ആർബിട്രേറ്റർ മുമ്പാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തു. അതിനെത്തുടർന്ന് നഷ്ട പ്രതിഫലത്തുക വിതരണം ചെയ്യുന്നത്

നിർത്തിവയ്ക്കുകയും പഴയ BVR റദ്ദ് ചെയ്ത്, 01-02-2024-ന് BVR പുനർനിർണ്ണയിക്കാൻ ഉത്തരവാകുകയും ചെയ്തു. ആയതിനെത്തുടർന്ന് സ്പെഷ്യൽ ടീമിനെ നിയോച്ച്, BVR പുനർനിർണ്ണയിക്കുകയും 30-04-2024-ന് അംഗീകാരം നൽകുകയും ചെയ്തു. ഇതിനെതിരെ മുൻ BVR പ്രകാരം നഷ്ടപരിഹാരത്തുക ലഭിച്ച ഗുണഭോക്താക്കളും മറ്റ് പുതിയ ഗുണഭോക്താക്കളും ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു, തുടർന്ന് നഷ്ട പ്രതിഫലം ലഭിച്ച ഗുണഭോക്താക്കൾക്ക് രണ്ട് ഉത്തരവുകളും മാറ്റിനിർത്തി, ഒരു മാസത്തിനകം ലേഖാമൂലം നോട്ടീസ് നൽകി, ഗുണഭോക്താക്കളെ നേരിൽ കേട്ടതിനുശേഷം തീരുമാനം കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ കളക്ടർ, 11-07-2024, 12-07-2024 എന്നീ തീയതികളിൽ ഗുണഭോക്താക്കളെ നേരിട്ട് കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾതന്നെ കോടതിയെ സമീപിക്കുകയും കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവുപ്രകാരമുള്ള നടപടികൾ ആരംഭിക്കേണ്ടിവന്നത്. കോടതി

വിധിപ്രകാരം ജില്ലാ കളക്ടർ, ഗുണഭോക്താക്കളെ നേരിട്ട് കേട്ട് തീരുമാനമെടുത്തതിനുശേഷം നിയമവശങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. LARR (Land Acquisition, Resettlement, and Rehabilitation Act) 2013-ന്റെ സെക്ഷൻ 26, 27, 28, 29 എന്നീ ഖണ്ഡങ്ങൾ വച്ചുകൊണ്ടാണ് വില തീരുമാനിക്കുന്നതിനുള്ള പൊതുവായ അവകാശം ലഭ്യമാകുന്നത്. കോടതി വിധിയെത്തുടർന്ന് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. അപ്രോച്ച് റോഡില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ, സർക്കാരിന് തീരുമാനമെടുക്കാൻ കഴിയില്ലെങ്കിലും ഈ വിഷയം സർക്കാർതന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി, സമയബന്ധിതമായിത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(5) നീണ്ടകര താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

ഡോ. സുജിത് വിജയൻ പിള്ള: സർ, ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര താലൂക്കാശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതാണ് ഈ സബ്മിഷൻ. കിഫ്ബി ധനസഹായത്തോടെ 2019 ഡിസംബറിലാണ് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. SPV (Special Purpose Vehicle).-യായി ഹൗസിംഗ് ബോർഡിനെയാണ് തെരഞ്ഞെടുത്തിരുന്നത്. ഞാൻ MLA ആയി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം എല്ലാ മാസവും ടി പ്രവൃത്തികളുടെ നിർമ്മാണ പുരോഗതികൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി നിർവ്വഹണത്തിൽ കോ-ഓർഡിനേഷന്റെ അപാകതയുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. അതിനാൽ സാങ്കേതിക മികവോടെയുള്ള പൂർണ്ണ സമയവും പ്രവർത്തിക്കുന്ന ഒരു കൺസൾട്ടന്റിനെ നിയമിച്ചാൽ മാത്രമെ ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂവെന്ന വിവരം ഹൗസിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. എന്നാൽ MEP (Mechanical Electrical Plumping) എന്നീ വിഭാഗങ്ങൾക്കുവേണ്ടി ചെറിയൊരു

കൺസൾട്ടന്റിനെ മാത്രമെ സാങ്കേതിക സഹായത്തിനുവേണ്ടി അവിടെ നിയമിച്ചിട്ടുണ്ടായിരുന്നുള്ളൂ. പല വകുപ്പുകളും പരസ്പരം കോ-ഓർഡിനേഷനില്ലാതെ പ്രവർത്തിച്ചതിന്റെ ഫലമായി നിർമ്മാണം പൂർത്തിയാക്കിയ പലതും പൊളിച്ചുമാറ്റേണ്ടിവന്ന സാഹചര്യമാണുള്ളത്. അതിനാൽ തീരെ അവധാനതയില്ലാതെയാണ് നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടുപോകുന്നത്. ടി വിഷയം ബഹുമാനപ്പെട്ട ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ആ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ആശുപത്രിയുടെ നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കാമെന്ന് ഹൗസിംഗ് ബോർഡിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുനൽകിയിരുന്നു. എന്നാൽ ആ ഉറപ്പുപാലിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചതായി കാണാൻ കഴിയുന്നില്ല. ഇതുപോലതന്നെയാണ് ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത മറ്റ് നാല് താലൂക്കാശുപത്രികളുടെയും നിലവിലെ അവസ്ഥ എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കൂടാതെ

വളരെ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരുന്ന തുറവൂർ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളും കഴിഞ്ഞ ഒരു വർഷമായി നിലച്ചിരിക്കുകയാണ്. ഒരുപാട് സാങ്കേതിക വൈദഗ്ദ്ധ്യമാവശ്യമുള്ള ഈ അഞ്ച് ആശുപത്രികളുടെയും നിർമ്മാണ പ്രവൃത്തികൾ കൺസൾട്ടന്റിനെ നിയമിച്ച് വേഗത്തിൽ പൂർത്തിയാക്കുന്നതിനായി ശക്തമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വളരെ ശ്രമഫലമായിട്ടാണ് നീണ്ടകരയിലെ താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഇത്തരമൊരു പ്രത്യേക സഹായം കിഫ്ബിയിൽ നിന്നും ലഭ്യമായത്. എന്നാൽ ആ പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെയുള്ള ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു ഡോക്ടർ എന്ന നിലയിൽ ആ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ കൊണ്ടുപോകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തികൾ കുറച്ചുകാലം വൈകിയെന്നുള്ളത് ഗൗരവപ്പെട്ട പ്രശ്നമാണ്. അവ എത്രയുംപെട്ടെന്ന് പൂർത്തീകരിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ ആഗ്രഹം. നീണ്ടകര താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ SPV-യായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ 20-02-2018-ൽ എൽപ്പിക്കുകയും അതനുസരിച്ച് ബോർഡ് സമർപ്പിച്ച DPR (Detailed Project Report) അംഗീകരിച്ച്, 02-07-2018-ൽ പ്രത്യേക ഉത്തരവുപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും 46.43 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുമുണ്ടായി. ഇതനുസരിച്ച് കിഫ്ബിയിൽനിന്നും 05-02-2019-ൽ 28.24 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും 22-02-2019-ൽ പാക്കേജായി സിവിൽ വർക്ക്, മെയിൻ ബിൽഡിംഗ്, ആർ.എം.ഒ. ക്വാർട്ടേഴ്സ്, കാന്റീൻ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, എക്സ്റ്റേണൽ വർക്ക് എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 22.68 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. അന്നത്തെ സാഹചര്യത്തിൽ, പെട്ടെന്ന് വർക്കുമായി മുന്നോട്ടുപോകുന്നതിന് കെ.എസ്.എച്ച്.ബി. സ്ഥിരം

ഡിപ്പാർട്ടുമെന്റൽ വർക്കുകൾ പിന്തുടരുന്ന SMT (Split Mode Tendering) ഈ പ്രവൃത്തിയിലും നടപ്പാക്കാൻ തീരുമാനിച്ചുകൊണ്ട് മൊത്തം പ്രവൃത്തികളെ വിവിധ പാക്കേജുകളായി വിഭജിച്ച് അവർ ടെണ്ടർ ചെയ്യാനുമുള്ള നടപടി സ്വീകരിച്ചു. ഇതൊരു ഹോസ്പിറ്റൽ പദ്ധതിയായതിനാൽ മിനിമം നിർമ്മാണ കാലാവധി 36 മാസമായി എടുക്കാമെങ്കിലും ഭവനനിർമ്മാണ ബോർഡ് ഹൈലി ഒപ്റ്റിമിസ്റ്റിക്കായി 18 മാസത്തെ നിർമ്മാണ കാലാവധിയാണ് തുടക്കത്തിൽ നിശ്ചയിച്ചത്. ഇത് ഭവന നിർമ്മാണ ബോർഡ്, കിഫ്ബി ധനസഹായത്തോടെ ഏറ്റെടുത്ത ആദ്യത്തെ ആശുപത്രി പദ്ധതിയുമായിരുന്നു. തുടർന്ന് സിവിൽ വർക്ക് ടെണ്ടർ ചെയ്ത് 11-06-2019-ൽ 22.64 കോടി രൂപയ്ക്ക് ശ്രീ. ജെ. അബ്ദുൾ വാഹിദ്, ഇ.ജെ. കൺസ്ട്രക്ഷന് വർക്ക് അവാർഡ് ചെയ്യുകയും 22-11-2019-ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുള്ളതും 02-12-2019-ൽ സൈറ്റ് ഹാൻഡോവർ ചെയ്ത് വർക്കുകൾ ആരംഭിക്കുകയും ചെയ്തു. 2020 ജൂൺ മാസത്തിൽ സിവിൽ പ്രവൃത്തിയുടെ 20 ശതമാനം പൂർത്തീകരിച്ചിരുന്നു. സൈറ്റിൽ നിലനിന്നിരുന്ന പഴയകെട്ടിടങ്ങളായ ക്യാൻസർ സെന്റർ, കാന്റീൻ ബിൽഡിംഗ് എന്നിവ ക്ലിയർ ചെയ്യാൻ ഏറെ

കാലതാമസം നേരിട്ടിരുന്നു. പദ്ധതി നിർമ്മാണം തുടങ്ങി അധികം വൈകാതെ പടർന്നുപിടിച്ച കോവിഡ് 19 മഹാമാരി പദ്ധതിയെയും അതിന്റെ പുരോഗതിയെയും കാര്യമായി ബാധിച്ചു. പകർച്ചവ്യാധി മൂലമുള്ള പ്രതികൂല സാഹചര്യമുണ്ടായിട്ടും ഈകാലയളവിൽ സ്ട്രക്ചർ വർക്കിന്റെ 80 ശതമാനം പണികളും 2020 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിച്ചിരുന്നു. തുടർന്ന് 29-01-2021-ൽ കിഫ്ബി പദ്ധതിയിലെ നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകാരണം സ്റ്റോപ് മെമ്മോമൂലം 90 ദിവസത്തേയ്ക്ക് വർക്കുകളൊന്നും നടന്നിരുന്നില്ല. കിഫ്ബിയിൽനിന്നും തുടർ നിർദ്ദേശം ലഭിച്ചതനുസരിച്ച്, 19-04-2021-ൽ പണി പുനരാരംഭിക്കുകയും 2021 ഡിസംബറോടുകൂടി സ്ട്രക്ചർ വർക്കുകൾ പൂർത്തീകരിച്ച് 40 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കി. വിവിധ കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ പുരോഗതിയില്ലായ്മയും MEP സർവ്വീസുകളുടെ കോ-ഓർഡിനേഷൻ ഇഷ്യൂസും കിഫ്ബി നടപടിക്രമങ്ങൾ പാലിക്കുന്നതിനുവേണ്ടി വരുന്ന സമയവും സിവിൽ ഇലക്ട്രിക്കൽ കരാറുകാരുടെ ഭാഗത്തുനിന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽവന്ന കാലതാമസം എന്നിവ ഈ പ്രവൃത്തിയുടെ പുരോഗതിയെ സാരമായി

ബാധിച്ചിട്ടുണ്ടെങ്കിലും ബോർഡിന്റെ ഭാഗത്തുനിന്നും പണികൾ ത്വരിതപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. കിഫ്ബി ആദ്യം നൽകിയ ഫിനാൻഷ്യൽ സാംഗ്ഷൻ തുക എല്ലാ വർക്കുകൾക്കും വിവിധ കാരണങ്ങളാൽ തികയാതെ വന്നപ്പോൾ ജി.എസ്.ടി.-യുടെ ഒമിഷൻ, സ്കോപ് ചെയ്ഞ്ച് എന്നിവകാരണം ഈ പാക്കേജുകൾ കിഫ്ബി പോർട്ടലിൽ ക്രിയേറ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല. ഇതിനെത്തുടർന്ന് ഭവനനിർമ്മാണ ബോർഡ് എല്ലാ പാക്കേജുകളും എക്സ്ട്രാ ഐറ്റംസും റിവൈസ്ഡ് എസ്റ്റിമേറ്റും കിഫ്ബിയിൽ സബ് പ്രോജക്റ്റ് റിവിഷനായി സമർപ്പിക്കുകയും ആയതിനുള്ള റിവൈസ്ഡ് സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ഡിസംബർ 2023-ന് മാത്രമാണ് ലഭ്യമായത്. ഇതിനുശേഷം എല്ലാ പാക്കേജുകളും കെ.എസ്.എച്ച്.ബി. ക്രിയേറ്റ് ചെയ്ത വർക്കുകൾ ത്വരിതപ്പെടുത്തുകയും ചെയ്തു. ഈ കാലയളവിൽ നിരന്തരമായി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തലുകളും അവ കൈവരിക്കാൻ വേണ്ടിയുള്ള ആക്ഷൻ പ്ലാൻ മുതലായവും യഥാസമയം ബോർഡ് ഇടപെട്ട് കരാറുകാർക്ക് നൽകുകയുണ്ടായി. എന്നിരുന്നാലും മേൽപ്പറഞ്ഞ കാരണങ്ങളാൽ വർക്ക് യഥാസമയം

പൂർത്തീകരിക്കാനായില്ല. എം.ഇ.പി. കോ-ഓർഡിനേഷൻ വർക്കുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെടുകയും പരിഹരിക്കുന്നതിനായി ഒരു സബ് കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു എ.ഇ.ഇ., ഒരു എ.ഇ. എന്നിവരെയും പ്രസ്തുത സൈറ്റിൽ നിയോഗിച്ചിട്ടുണ്ട്. കിഫ്ബി അവാർഡ് തുടങ്ങിയ ഏജൻസികളുടെ ഭാഗത്തുനിന്നും എം.ജി.പി.എസ്., ഹോസ്പിറ്റൽ ഫർണിച്ചർ, ലൂസ് ഫർണിച്ചർ, കർട്ടൻ എന്നീ വർക്കുകൾ ഫൈനലൈസ് ചെയ്യുന്നതിനെടുത്ത കാലതാമസം പ്രോജക്ടിന്റെ പൂർത്തീകരണത്തെ സാരമായി ബാധിച്ചു. ഈ വർക്കുകൾ 2023 നാലാം പാദത്തോടെ മാത്രമാണ് കിഫ്ബി ഫൈനലൈസ് ചെയ്തിട്ടുള്ളത്. ഈ വർക്കുകളുടെ കരാറുകാരൻ 2024 ഫെബ്രുവരി മാസം മുതലാണ് ജോലികളാരംഭിച്ചത്. ഇത്തരം വർക്കുകളുടെ എം.ഇ.പി., സിവിൽ വർക്കുകൾ എന്നിവയുടെ ഇന്റർഫിയറൻസ് നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുകയുണ്ടായി. ഡി.എച്ച്.എസ്. നിർവ്വഹിക്കേണ്ടതായ സൈറ്റിൽനിന്ന് അധിക മണ്ണ് മാറ്റൽ, മരം മുറിച്ചുമാറ്റൽ എന്നീ പ്രവൃത്തികൾ 2024 എപ്രിൽ മാസത്തോടെ മാത്രമാണ് പൂർത്തീകരിച്ചത്. ഈ കാലതാമസം

കാരണം ജനറേറ്റർ റൂം നിർമ്മാണ പ്രവൃത്തികൾ വൈകുകയും തുടർന്ന് പുതിയ ലൊക്കേഷൻ കണ്ടെത്തി നിർമ്മിക്കേണ്ടി വരികയും ചെയ്യുന്നു. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ കോവിഡ് കാലത്തിനുശേഷം financial bankruptcy അഭിമുഖീകരിക്കുന്ന വിവരം കിഫ്ബിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഇത്രയുമെത്തിയ സാഹചര്യത്തിൽ ഒരു ടെർമിനേഷൻ പ്രായോഗിക തലത്തിൽ ഉചിതമല്ലെന്നും നിലവിലുള്ള കരാറുകാരെ പ്രചോദിപ്പിച്ച് കരാർ പ്രവൃത്തികൾ പൂർത്തിയാക്കുകയാണ് അഭികാമ്യം എന്നുംതന്നെയാണ് കിഫ്ബി വാക്കാൽ അറിയിച്ചിട്ടുള്ളത്. കിഫ്ബി സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പ്രസ്തുത പ്രോജക്ടിലെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുമുണ്ട്. കരാർ റദ്ദാക്കി പുതിയ കരാറുകാരനെ നിയോഗിക്കാത്തത് തുടർന്നുള്ള നിയമക്കുരുക്കുകൾ, കാലതാമസം, അധിക റേറ്റിംഗ് എന്നിവ വരുന്ന സാഹചര്യംകൂടി ഒഴിവാക്കാനാണ്. നിലവിൽ 85 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി എല്ലാ പ്രവൃത്തികളും രണ്ട് മാസകാലാവധിക്കുള്ളിൽ, 2024 ആഗസ്റ്റ് 30-ാം തീയതിക്കകം

പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(6) <u>കടപ്പുറം, പുന്നയൂർക്കുളം ഭാഗത്തെ കടലാക്രമണം</u>

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, കഴിഞ്ഞ ദിവസങ്ങളിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിൽ രൂക്ഷമായ കടലാക്രമണം ഉണ്ടായതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

തൃശ്ശൂർ ജില്ലയിൽ 25 കലോമീറ്റർ കടൽത്തീരമുള്ള മണ്ഡലമാണ് ഗുരുവായൂർ നിയോജക മണ്ഡലം. ജില്ലയിൽ ഏറ്റവുംകൂടുതൽ കടൽത്തീരമുള്ളതും ഗുരുവായൂർ മണ്ഡലത്തിലാണ്. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിൽ കടൽക്ഷോഭ ബാധിത പ്രദേശങ്ങളിൽ നിർമ്മിച്ച നാല് കിലോമീറ്ററോളം വരുന്ന കടൽഭിത്തി പൂർണ്ണമായും തകർന്നിട്ടുള്ളതും ഒരു കിലോമീറ്റർ ഭാഗികമായി തകർന്നിട്ടുള്ളതുമാണ്. കടൽ ഭിത്തി തകർന്ന കടപ്പുറം ഗ്രാമപഞ്ചായത്തിലെ അഞ്ചങ്ങാടി വളവ്, മുനക്ക കടവ്, വെളിച്ചെണ്ണപ്പടി പ്രദേശങ്ങളിലും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ പെരിയമ്പലം പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണമാണ് നേരിടുന്നത്.

വീടുകളിലേയ്ക്ക് വെള്ളം കയറുകയും കെട്ടിടങ്ങളും വീടുകളും തകരുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്നതിനായി പ്രസ്തുത പ്രദേശങ്ങളിൽ ടെട്രാപോഡ് സ്ഥാപിക്കുന്നതിന് 60.5 കോടി രൂപയുടെ പ്രൊപ്പോസലും കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി 13 കോടി രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ അനുമതി ആയിട്ടില്ലാത്തതാണ്. ഗുരുവായൂർ മണ്ഡലത്തിലെ തീരശോഷണം സംബന്ധിച്ച് എൻ.സി.സി.ആർ. പഠനത്തിനായി 23-05-2023-ൽ നിർദ്ദേശിച്ചുവെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർനടപടികളും നടന്നിട്ടില്ല. കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടി വളവ് പ്രദേശം ഹോട്ട് സ്പോട്ടായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. ജനങ്ങളുടെ ദുരിതം കണക്കിലെടുത്ത് കടൽക്ഷോഭ ബാധിത പ്രദേശങ്ങൾ അടിയന്തരമായി ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ച് സംരക്ഷണ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി കുറെ സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. കടപ്പുറം പഞ്ചായത്തയിൽ അടിയന്തരമായി നിർമ്മിക്കേണ്ട 60 മീറ്റർ ഭാഗത്തെ

കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. കെ. അക്ബർ ഇവിടെ പറഞ്ഞ കാര്യങ്ങൾ നേരത്തെതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇത് രൂക്ഷമായ കടലാക്രമണം നേരിടുന്നൊരു പ്രദേശമാണ്. തൃശ്ശൂർ ജില്ലയിൽ 25 കിലോമീറ്റർ, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിന്റെ ഭാഗമായിത്തന്നെ വരുന്ന പ്രദേശങ്ങളിൽ അതിരൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്നു എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ സൂചിപ്പിച്ചത്. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം, പുന്നയൂർക്കുളം പഞ്ചായത്തുകളിൽ ചക്രവാത ചുഴിയുടെയും ന്യൂനമർദ്ദത്തിന്റെയും ഫലമായി 2024 മേയ് 17 മുതൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നു. നിലവിൽ തുടർന്നുകൊണ്ടിരിക്കുകയുമാണ്. ഈ ഭാഗത്തെ അടിയന്തര സാഹചര്യം പരിഗണിച്ച് 99,000/- രൂപയുടെ ഒരു താൽക്കാലിക സംരക്ഷണ പ്രവൃത്തി, അതോടൊപ്പം 2,09,000/- രൂപയുടെ അടിയന്തര പ്രവൃത്തി നടന്നുവരികയുമാണ്. കൂടാതെ, 40 മീറ്റർ കോൺ വാൾ നിർമ്മിക്കുന്നതിനുള്ള

24 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുന്നയൂർക്കുളം ഭാഗത്ത് താരതമ്യേന രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന മലപ്പുറം ജില്ലാ അതിർത്തിയുടെ സമീപത്ത് 500 മീറ്റർ കടൽഭിത്തി നിർമ്മാണത്തിന് 4.47 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ആയത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഓഖി, ടൗട്ടെ ചുഴലിക്കാറ്റിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് തയ്യാറാക്കിയ തീരപ്രദേശങ്ങളുടെ വൾനറബിളിറ്റി മാപ്പ് സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നേതൃത്വത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ), ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.), KERI (Kerala Engineering Research Institute) ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ ഉപഗ്രഹ ചിത്രങ്ങളിലൂടെ ദുർബല തീർപ്രദേശങ്ങളുടെ നിജസ്ഥിതി വകുപ്പ് കണ്ടെത്തുകയും ഇത് ഐ.ഡി.ആർ.ബി.-യുടെ കീഴിലുള്ള KERI-യിൽനിന്ന് ലഭ്യമായ തീരദേശ

ഡാറ്റയുടെ സഹായത്തോട്ടുകൂടിയുമാണ്. ജലസേചന വകുപ്പ് കേരളത്തിലെ തീരദേശ ജില്ലകളിൽ അടിയന്തര ഇടപെടൽ ആവശ്യമുള്ള ദുർബല പ്രദേശങ്ങളായ കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്ട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, കയ്പമംഗലം, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നിവ കണ്ടെത്തിയിരുന്നു. ഇതുകൂടാതെ, എൻ.സി.സി.ആർ. (National Centre for Coastal Research)-ന്റെ സഹായത്തോടെ കേരളത്തിന് ഒരു ദീർഘകാല തീർദേശ മാനേജ്മെ ന്റ് പ്ലാൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശക്തമായ തീരശോഷണം നേരിടുന്ന കേരള തീരത്തെ കുറിച്ച് പൊതുവിൽ പഠനം നടത്തി, ദുർബല പ്രദേശങ്ങളെ കണ്ടത്തി തീരസംരക്ഷണത്തിനായി കേരള തീരത്തോട് ചേർന്നുള്ള ഓരോ സെഡിമെന്റ് ഷെല്ലുകളിലും സ്വീകരിക്കേണ്ട സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ മേൽപ്പടി പ്ലാനിൽ ശിപാർശ ചെയ്യും. ഈ പശ്ചാത്തലത്തിൽ മേപ്പടി പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കടലാക്രമണത്തിന് ഇരയാകുന്ന തീരദേശങ്ങൾ മുൻഗണനാ ക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ

അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനം നടപ്പിലാക്കുന്നതിനുള്ള നടപടിയാണ് പുരോഗമിച്ചു വരുന്നത്.

ഗുരുവായൂർ മണ്ഡലത്തിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങൾ മേൽപ്പറഞ്ഞ പഠനങ്ങൾക്ക് വിധേയമായി അനുയോജ്യമായ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ആവശ്യമായ നടപടികളാണ് സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നത്. അതുകൊണ്ട് എൻ.സി.സി.ആർ.-ന്റെ സഹായത്തോടെയുള്ള ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്ന നടപടിയുടെ ഭാഗമായി നടത്തുന്ന പഠനത്തിൽ ഈ പ്രദേശത്തിന്റെയുംകൂടി കാര്യം ഗൗരവമായി കണ്ട് മുന്നോട്ട് പോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) <u>കയർ തൊഴിലാളികളുടെ പ്രതിസന്ധി</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമാണ് കയർ വ്യവസായം. ഈ വ്യവസായ മേഖലയിൽ എൽ.ഡി.എഫ്. സർക്കാർ ശ്രദ്ധാപൂർവ്വം ഇടപെടൽ

നടത്തുന്നതിനെയും ഇക്കാര്യത്തിലുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിനെയും ഞാൻ അഭിനന്ദിക്കുകയാണ്.

കഴിഞ്ഞ നാളുകളിൽ കെട്ടിക്കിടന്ന കയറും കയർ ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് 30 ശതമാനം മുതൽ 50 ശതമാനം വരെ ഡിസ്കൗണ്ട് നൽകി വിപണനത്തിന് സർക്കാർ സഹായിച്ചതടക്കമുള്ള നിരവധി ഇടപെടലുകൾ ഇക്കാലയളവിൽ നടത്തിയെന്ന് ഞാൻ ഈ സഭയിൽ വളരെ സന്തോഷത്തോടുകൂടി പറയുകയാണ്. ഇത് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല അവർകളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് കയർ മേഖലയിൽ തൊഴിലവസരങ്ങൾ വളരെ കുറവാണ്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി ഉണ്ടാകണം. വരുമാനക്കുറവുമൂലം ഈ മേഖലയിൽ ജോലി ചെയ്തുവരുന്ന കുടുംബങ്ങൾ സാമ്പത്തികമായി വളരെ പ്രയാസത്തിലാണ്. മികച്ച യന്ത്രങ്ങൾ ഉപയോഗപ്പെടുത്തി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഈ വ്യവസായത്തിന്റെ നവീകരണത്തിന് നടപടി സ്വീകരിക്കണം. കയർപിരി മേഖലയിൽ തൊഴിലാളികളുടെ പ്രതിദിന വേതനം 350 രൂപയാണ്. 2017-ൽ ആണ് ഈ കൂലി നിശ്ചയിച്ചത്. അതിൽ ത്രിഫ്റ്റ് ഇനത്തിൽ 12 രൂപ കുറച്ച് ബാക്കി 338

രൂപയാണ് ഈ തൊഴിലാളികൾക്ക് ലഭിക്കുന്നത്. കൂലി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി അനിവാര്യമാണ്. സൊസൈറ്റികളിൽനിന്നും വാങ്ങുന്ന കയറിന്റെ വിലയും ചെറുകിട സൊസൈറ്റികളിൽനിന്നും വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ വിലയും കൊടുത്തുതീർക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. സി.ഐ.ആർ.സി. അംഗീകരിച്ച കൂലി മേജർ സ്ഥാപനങ്ങളിൽ മാത്രമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. കരാർ, ദിവസ വേതനക്കാർ എന്നിവരുടെ കൂലി പുതുക്കി നൽകിയിട്ടുമില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ നാട്ടിലെ ഏറ്റവും പാരമ്പര്യമുള്ള വ്യവസായമാണ് കയർ വ്യവസായം. "കയർ പിരിക്കും തൊഴിലാളി, അവനൊരു കഥയുണ്ടുജ്ജ്വല സമരകഥ.” ഒരുകാലം ഈ നാടിന്റെ സാധാരണക്കാരായ മനുഷ്യന്റെ നാവിൽ തത്തിക്കളിച്ചതാണിത്. ഇന്ന് ഇക്കാര്യങ്ങൾ ഞാൻ പറയുന്ന വേളയിൽ, ഈ മേഖലയ്ക്കുവേണ്ടി സർക്കാർ ചെയ്യുന്ന കാര്യങ്ങൾ അംഗീകരിക്കുമ്പോൾത്തന്നെ കയർ മേഖലയെ കൂടുതൽ സഹായിക്കുന്നതിനുള്ള നടപടിയാണ് വേണ്ടത്.

തൊഴിലാളികളുടെ ജോലിയും അവരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഈ പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ വേഗതയിൽ ഇനിയും മുന്നോട്ട് കൊണ്ടുപോകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമേറിയ ഒരു പ്രശ്നംതന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. കയർ മേഖല നേരിടുന്ന പ്രതിസന്ധി ഇപ്പോൾ തുടങ്ങിയതല്ല, വളരെയേറെക്കാലമായി ഈ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ഈ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. അവരുടെ ഇടക്കാല റിപ്പോർട്ട് ലഭിക്കുകയും അതിനെ ആധാരമാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച അവസാന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കയർ തൊഴിലാളി സെൻസസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്, അതും ഏതാണ്ട് പൂർത്തീകരിച്ചുകഴിഞ്ഞു, അതുകൂടി കഴിഞ്ഞാൽ അന്തിമ റിപ്പോർട്ട് ലഭ്യമാകും.

അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം ആളുകളുമായി ചർച്ചചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 420 കോടി രൂപയാണ് മൂന്ന് വർഷത്തിനുള്ളിൽ വിവിധ പദ്ധതികളിലായി കയർ മേഖലയിൽ വിതരണം ചെയ്തിട്ടുള്ളത്. സർക്കാരിന് പലതരത്തിലുള്ള സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ആ മേഖലയിൽ കുറവ് വരുത്താതെതന്നെ മുമ്പോട്ടുകൊണ്ടുപോകുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം 500 സഹകരണ സംഘങ്ങൾക്കായി 6.5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധനം എന്നിവയ്ക്കായി 3.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ ആദ്യഘട്ടമായി 1.97 കോടി രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കയർ വികസന വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾക്കായി 107.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 'ഇൻകം സപ്പോർട്ട്' സ്കീം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടതാണ്, അതിനായി 41.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആധാർ

ലിങ്ക് ചെയ്ത് കഴിഞ്ഞപ്പോൾ കണക്കിലുള്ള തൊഴിലാളികളും ശരിയായ തൊഴിലാളികളും തമ്മിൽ എണ്ണത്തിൽ അന്തരം വന്നിട്ടുണ്ട്. സെൻസസ് കഴിയുമ്പോൾ, ഇപ്പോഴുള്ളതിൽ മാറ്റംവരുത്താതെതന്നെ, മൊത്തത്തിലുള്ള അലോക്കേഷൻ അതിനനുസരിച്ച് വർദ്ധിപ്പിക്കാൻ കഴിയുമോ എന്നകാര്യവും സർക്കാർ പ്രത്യേകം പരിശോധിക്കുന്നതായിരിക്കും. 2024 മേയ് 24 വരെ 17119.75 ക്വിന്റൽ കയർ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിലായി 7475.579 ക്വിന്റൽ ചകിരി ഉത്പാദിപ്പിച്ചിട്ടുണ്ട്. 'കയർ ഫെഡ്'-ന് 'കയർ വിലസ്ഥിരതാ പദ്ധതി'-ൽ ഉൾപ്പെടുത്തി 7.45 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. കയർ സംഘങ്ങൾക്ക് കയർ എടുത്ത വകയിൽ 5.66 കോടി രൂപ ഏപ്രിൽ മാസത്തിലും 4.5 കോടി രൂപ മേയ് മാസത്തിലും 4.89 കോടി രൂപ ജൂൺ മാസത്തിലും നൽകിയത് ഉൾപ്പെടെ 14.6 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത ഉൽപന്നങ്ങളായ ചകിരി, തടുക്ക്, കയർ-ബിസി1, ബിസി20 എന്നീ ഉൽപന്നങ്ങൾക്കുണ്ടായ ഓർഡർ ക്ഷാമമാണ് ഉൽപാദന മേഖലയിലെ പ്രതിസന്ധിക്ക് പ്രധാന കാരണം. അതുകൂടാതെ പി.വി.സി. ഉൽപന്നങ്ങൾ, മറ്റ് സിന്തറ്റിക് ഉൽപന്നങ്ങൾ എന്നിവയുടെ

ബാഹുല്യവും അവയുടെ വിലക്കുറവും കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ മാർക്കറ്റിൽ ഡിമാൻഡ് ഉള്ള ഉൽപന്നങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. നേരത്തെ ചെയ്തിരുന്നത് 'സംഭരണം' ആയിരുന്നു, അതായത് ഗോഡൗണുകൾ വാടകയ്ക്കെടുത്ത് കയർ ഉൽപന്നങ്ങൾ സംഭരിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്, വിപണനം നടത്തപ്പെട്ടിരുന്നില്ല. എന്നാൽ ഗോഡൗണിലെ ഉൽപന്നങ്ങൾ വളരെ നന്നായി വിറ്റുതീർക്കുന്നതിന് ഇപ്പോൾ സാധിച്ചിട്ടുണ്ട്. പുതിയ ഡിസൈനുകളെപ്പറ്റി പഠിക്കുന്നതിനുവേണ്ടി ഭോപ്പാലിലെ National Institute of Design-ന് ഒപ്പംചേർന്ന് പദ്ധതി തയ്യാറാക്കുകയും പരിശീലനം നൽകിക്കൊണ്ടിരിക്കുകയുമാണ്. കയറ്റുമതി രംഗത്ത് കൂടുതൽ അവസരങ്ങൾ പ്രയോജനപ്പെടുത്താനായി കയർ കോർപ്പറേഷൻ, Walmart-ഉം ആയി വാണിജ്യക്കരാർ ഒപ്പുവച്ചുകഴിഞ്ഞു, അതിന്റെ മറ്റ് നടപടികൾ മുൻപോട്ടുപോകുകയാണ്. 18 വർഷത്തിനുശേഷം Foam mattings(India)limited, Alappuzha ആദ്യമായി ലാഭത്തിലായിരിക്കുകയാണ്. ഈ വർഷം ഫ്രാൻസിലേയ്ക്ക് കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

2016-21 വരെ അതായത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കയർ ഭൂവസ്ത്രം എന്ന പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കപ്പെട്ടിരുന്നു, 98.29 കോടി രൂപയുടെ കയർ ഭൂവസ്ത്രം അന്ന് വിതരം ചെയ്തിരുന്നെങ്കിൽ ഈ സർക്കാരിന്റെ 3 വർഷ കാലയളവിനുള്ളിൽ 148 കോടി രൂപയുടെ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. അതിനുവേണ്ടി കയർ വകുപ്പ് ഉദ്യോഗസ്ഥർ ആദ്യമായി എല്ലാ പഞ്ചായത്തുകളിലും ചെന്നുകൊണ്ട് ഓർഡറുകൾ സ്വീകരിക്കുന്നുണ്ട്. അതുകൂടാതെ ഒഡീഷ പോലുള്ള സംസ്ഥാനങ്ങളിൽ ഖനികളിലെ മണ്ണിടിച്ചിൽ തടയുന്നതിനുവേണ്ടി കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നുണ്ട്, ഇതിനായുള്ള ഓർഡറുകളും നമുക്ക് ലഭിച്ചിട്ടുണ്ട്. എല്ലാ വർഷവും തൊഴിലാളി സംഘടനകൾ, കയർ സംഘങ്ങളുടെ പ്രതിനിധികൾ, വ്യവസായികൾ എന്നിവരുടെ യോഗം ആലപ്പുഴയിൽ വച്ച് ചേരാറുണ്ട്, ഈ വർഷത്തെ യോഗം ഈ മാസം 15-ാം തീയതി ചേരുകയാണ്. ഈ യോഗത്തിലെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(8) ശനിയാഴ്ച അവധി പുനഃസ്ഥാപിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളത്തിലെ വിദ്യാർത്ഥി സമൂഹവും അധ്യാപകരും മഹാഭൂരിപക്ഷം വരുന്ന മാതാപിതാക്കൾക്കും ആവശ്യപ്പെടുന്ന ഒരു കാര്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 'കേരള എഡ്യൂക്കേഷൻ റൂൾസ് 'അനുസരിച്ച് ഹൈസ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ ശനിയാഴ്ച ഉണ്ടായിരുന്ന അവധി പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ളതാണ് ഈ സബ്മിഷൻ. കുട്ടികളെയും അധ്യാപകരെയും വിശ്രമമില്ലാതെ ജോലി ചെയ്യിപ്പിക്കുന്ന തരത്തിൽ അധ്യയന ദിസങ്ങൾ 220 ആയി വർദ്ധിപ്പിച്ചുകൊണ്ട് ബാല്യ-കൗമാരങ്ങളെ യാന്ത്രികവും സംഘർഷഭരിതവുമായ ഒരു ലോകത്തിലേയ്ക്ക് നാം വീണ്ടുവിചാരമില്ലാതെ തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഭൂരിപക്ഷം മാതാപിതാക്കന്മാരുടെയും അഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ടാണ് സംസ്ഥാനത്തെ പത്താം ക്ലാസ് വരെയുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഈ അധ്യയന വർഷം 220 പ്രവൃത്തിദിവസങ്ങൾ

എന്നാക്കി മാറ്റിയിട്ടുള്ളത്. അധ്യയന ദിവസങ്ങൾ കുറയ്ക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി ഒരു സ്കൂൾ മാനേജ്മെന്റും, അധ്യാപക-രക്ഷാകർത്തൃ സംഘടനയും ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്നാണ് സർക്കാർ പുതിയ അക്കാഡമിക് കലണ്ടർ പുറത്തിറക്കിയത്. ഇതനുസരിച്ച് 25 ശനിയാഴ്ചകൾ ഉൾപ്പെടെ പ്രവൃത്തി ദിവസങ്ങളായി മാറിക്കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ 195 പ്രവൃത്തി ദിവസങ്ങളേ ഉണ്ടായിരുന്നുള്ളൂ, കഴിഞ്ഞ വർഷം ഇത് 204-ഉം ഇത്തവണ 210-ഉം ആയി വർദ്ധിച്ചിരുന്നു. കമ്പ്യൂട്ടറിന്റെ മെമ്മറി കാർഡിന് തുല്യമല്ല വിദ്യാർഥികളുടെ മസ്തിഷ്കം. ഒരു യന്ത്രംപോലെ വിദ്യാർഥിയെ പരിവർത്തിപ്പിക്കുന്നത് വിദ്യാഭ്യാസ രീതിയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണ്. പഠനം എന്നത് ആസ്വദിച്ച് നിർവ്വഹിക്കപ്പെടേണ്ട ഒന്നാണ്, അറിവ് ആർജ്ജിക്കേണ്ടത് സ്കൂൾ അന്തരീക്ഷത്തിൽനിന്ന് മാത്രമല്ല, കുട്ടി ഇടപെടുന്ന ഗാർഹിക-പാരിസ്ഥിതിക അന്തരീക്ഷത്തിൽ നിന്നുകൂടിയാണ്. അധ്യാപകരെ സംബന്ധിച്ചിടത്തോളം പ്രവൃത്തി സമയത്ത് തീരുന്നതല്ല അവരുടെ ജോലി എന്ന് ആദ്യമേ തിരിച്ചറിയണം. ഒരു ദിവസം ഒരുനിമിഷം

പോലും വിശ്രമിക്കാൻ സമയംകൊടുക്കാതെ ഗൃഹപാഠവും ട്യൂഷനുമൊക്കെയായി കുട്ടികളും പണിയെടുത്തുകൊണ്ടിരിക്കുകയാണ്. ആഴ്ചയിൽ രണ്ട് ദിവസം വിദ്യാർത്ഥികൾക്ക് അവധി നൽകുന്നത് കേരളത്തിൽ മാത്രം നിലവിലുള്ള ഒരു പ്രധാന കാര്യമാണ്, കാലാകാലങ്ങളായി തുടർന്നുവരുന്നതുമാണ്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അവധി അത്യാവശ്യമാണ്. നമ്മളുടെ ചെറുപ്പകാലത്ത് സ്കൂളിൽനിന്നും വെള്ളിയാഴ്ച വരുന്നത് വളരെ സന്തോഷത്തോടെ ആയിരുന്നില്ലേ, ശനിയും ഞായറും അന്ന് നമുക്ക് കളിക്കാൻ സാധിക്കുമായിരുന്നു. കളികളോടൊപ്പം മറ്റുള്ള കാര്യങ്ങളിലൊക്കെ ഇടപെടാനും സമൂഹത്തിൽനിന്നും അറിവ് നേടാനും ട്യൂഷന് പോകാനും കലാ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള സമയം വിദ്യാഭ്യാസ കാലത്ത് അത്യാവശ്യമാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഇപ്പോഴുണ്ടായിരിക്കുന്ന ബഹു. ഹൈക്കോടതി വിധി മറികടക്കുന്നതിനും ശനിയാഴ്ച ദിവസങ്ങൾ അവധി നൽകുന്നതിനും എങ്ങനെ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കണമെന്നും അതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 'കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ (KER)' അധ്യായം VII-ൽ ചട്ടം 3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണഗതിയിൽ പരീക്ഷാ ദിസങ്ങൾ ഉൾപ്പെടാതെ ചുരുങ്ങിയത് 220 സാധ്യ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും, പ്രത്യേക സാഹചര്യങ്ങളിൽ, ആവശ്യമെങ്കിൽ ഒരു അധ്യയന വർഷം സാധ്യമായ ഇരുപത് പ്രവൃത്തി ദിസങ്ങൾവരെ എഡ്യൂക്കേഷൻ ഓഫീസർക്കും അതിൽക്കൂടുതലുള്ളത് വിദ്യാഭ്യാസ ഡയറക്ടർക്കും ഇളവുചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2023-24 അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഫയൽ ചെയ്ത കേസിലെ 24-02-2024-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് 25-04-2024-ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ "വരും വർഷങ്ങളിൽ 'കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (KER)'-ലെ അധ്യായം VII ചട്ടം മൂന്ന് പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാം എന്ന് അറിയിച്ചിരുന്നു. എന്നാൽ ഇതിനിടയിൽ

ഹർജിക്കാരൻ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിലെ, 23-05-2024-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് 220 പ്രവൃത്തി ദിവസങ്ങൾ ഉൾപ്പെടുത്തി അക്കാഡമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായി. 2024-25 അധ്യയന വർഷത്തിൽ അക്കാഡമിക് കലണ്ടർ പ്രകാരം 25 ശനിയാഴ്ചകൾ പ്രവൃത്തി ദിനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലസ്റ്റർ പരിശീലനത്തിനായി നീക്കിവച്ചിട്ടുള്ള 6 ശനിയാഴ്ചകൾ, പരീക്ഷകൾക്കിടയിൽ വരുന്ന മൂന്ന് ശനിയാഴ്ചകൾ, ആഴ്ചയിൽ 6 പ്രവൃത്തി ദിസവം വരാത്തരീതിയിലുള്ള 9 ശനിയാഴ്ചകൾ, 6 പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ എന്നിങ്ങനെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24-ലെ വിദ്യാഭ്യാസ കലണ്ടറിൽ 13 ശനിയാഴ്ചകൾ പ്രവൃത്തിദിനമായി ഉൾപ്പെടുത്തിയിരിക്കുന്നു. ആഴ്ചയിൽ 6-ാം പ്രവൃത്തി ദിനം വരുന്ന 7 ശനിയാഴ്ചകൾ ഉൾപ്പെടുത്തിയത്, കോടതി പറഞ്ഞ 220 ദിവസം തികയ്ക്കാനാണ്. 6-ാം പ്രവൃത്തി ദിനമായി വരുന്ന ശനിയാഴ്ചകൾ പൊതുവിദ്യാലയങ്ങൾക്ക് പ്രവർത്തിക്കാൻ KER പ്രകാരം നിയമതടസ്സമില്ല. 220 പ്രവൃത്തി ദിനങ്ങളുള്ള വിദ്യാഭ്യാസ കലണ്ടറിൽ ആഴ്ചയിൽ 6 പ്രവൃത്തി

ദിനങ്ങൾ വരുമ്പോഴുള്ള 7 ശനിയാഴ്ചകൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 220 പ്രവൃത്തി ദിനങ്ങളിൽ ഒന്നാം പാദവാർഷിക പരീക്ഷയ്ക്കായി 8 പ്രവൃത്തി ദിനങ്ങളും രണ്ടാം പാദവാർഷിക പരീക്ഷയ്ക്കായി 6 പ്രവൃത്തി ദിനങ്ങളും വാർഷിക പരീക്ഷയ്ക്കായി 22 പ്രവൃത്തി ദിനങ്ങളും നീക്കിവച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾക്കായി 2 ദിവങ്ങൾ ഉൾപ്പെടെ 38 ദിവസങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽനിന്നും മാറ്റിവയ്ക്കേണ്ടതായി വരും. കലണ്ടറിൽ ഉൾപ്പെടത്തിയിട്ടുള്ള ശനിയാഴ്ചകളിലെ 6 ക്ലസ്റ്റർ യോഗങ്ങൾക്ക് അവധി നൽകേണ്ടി വരുന്നതുമൂലം ആകെ 46 പ്രവൃത്തി ദിനങ്ങൾ ബോധന ദിനങ്ങൾ അല്ലാതായിമാറും. മഴക്കെടുതികൾ, മറ്റേതെങ്കിലും വിധത്തിലുള്ള പ്രാദേശിക അവധികൾ എന്നിവ കണക്കിലെടുത്ത് ശരാശരി 6 ദിവസംകൂടി പ്രവൃത്തി ദിനങ്ങളിൽനിന്നും നഷ്ടപ്പെടുന്നുണ്ട്. തന്മൂലം ലഭിക്കുന്ന പ്രവൃത്തിദിനങ്ങൾ 170 മാത്രമാണ്. 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തിയതിന് എതിരായി അധ്യാപക സംഘടനകൾ ബഹു. ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമെ ഈ വിഷയത്തിൽ അന്തിമ

തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ നമുക്ക് യുവജനോത്സവവും സ്കൂൾ ഒളിമ്പിക്സും നടത്തണം. ഇതെല്ലാം സ്കൂൾ തലം മുതൽ ആരംഭിക്കേണ്ടതാണ്. ശാസ്ത്രമേള, ടി.ടി.സി. ടീച്ചർമാരുടെ ഉത്സവം, സംസ്കൃതോത്സവം, അറബി ഉത്സവം, ദിശ ഉത്സവം തുടങ്ങി കുറെ ഫെസ്റ്റിവലുകൾ നമുക്ക് നടത്തേണ്ടതുണ്ട്. അതെല്ലാം ഈ ദിവസങ്ങളിലാണ് നടത്തേണ്ടത്. വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇതെല്ലാം നടത്താതിരിക്കാനും കഴിയില്ല. ഇതെല്ലാം നടത്തിക്കഴിയുമ്പോൾ കുട്ടികൾക്ക് പഠിക്കാനായി ലഭിക്കുന്ന ദിവസങ്ങളും കുറവാണ്. അതുകൊണ്ട് നമ്മൾ ചട്ടപ്രകാരമാണ് തീരുമാനമെടുത്തിട്ടുള്ളത്. അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്താൻ കുട്ടികൾക്ക് ക്ലാസ് നടത്തേണ്ടേ? കുട്ടികൾക്ക് സ്കൂളിൽ വരുന്നത് വളരെ സന്തോഷം തന്നെയാണ്. 230 പ്രവൃത്തി ദിവസങ്ങളാണ് കർണ്ണാടക സംസ്ഥാനത്തുള്ളത്. കോടതി വിധി മറികടക്കണമെങ്കിൽ നിയമനിർമ്മാണം നടത്തേണ്ടിവരും. അല്ലാതെ വിദ്യാഭ്യാസ വകുപ്പിനുമാത്രമായി ഒന്നും ചെയ്യാൻ കഴിയില്ല. എന്തായാലും 220 ദിവസം അനുസരിച്ചുള്ള കാര്യങ്ങളാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്.

കോടതിവിധി വന്നതിനുശേഷം അതുസംബന്ധിച്ച കാര്യങ്ങൾ ആലോചിക്കാം. കുട്ടികളുടെ അക്കാഡമിക് കാര്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഞാൻ ഇവിടെ എട്ടോളം ഫെസ്റ്റിവലുകളുടെ കാര്യം പറഞ്ഞല്ലോ. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്രയും ഫെസ്റ്റിവലില്ല. കേരളത്തിൽ മാത്രമാണ് കൂടുതൽ ഫെസ്റ്റിവലുള്ളത്. അതെല്ലാംകൂടി പരിഗണിച്ചുകൊണ്ടാണ് ഇക്കാര്യം തീരുമാനിച്ചിട്ടുള്ളത്.

(9) ചന്തപ്പാലം - വടയാർ - മുളക്കുളം റോഡ് നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, വൈക്കം - കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ചന്തപ്പാലം - വടയാർ - മുളക്കുളം റോഡിന്റെ നിർമ്മാണത്തിലുണ്ടായിരിക്കുന്ന തടസ്സങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ എന്റെ മൂന്നാമത്തെ സബ്മിഷനാണിത്. കൂടാതെ ബഹു. മന്ത്രിയുടെ അവലോകനയോഗത്തിലും ഈ വിഷയം വളരെ ഗൗരവതരമായി ചർച്ച ചെയ്തിരുന്നു. എം.എൽ.എ. എന്ന നിലയിൽ ഞാൻ ഈ വിഷയം സംബന്ധിച്ച് മാസംതോറും റിവ്യൂ നടത്തുന്നുണ്ട്. പക്ഷേ വളരെ ദയനീയമായ

സാഹചര്യമാണ് ആ റോഡിനുള്ളതെന്ന് പറയാതിരിക്കാൻ തരമില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി 111.9 കോടി രൂപ അനുവദിച്ച് കെ.എസ്.ടി.പി. നിർവ്വഹണ ഏജൻസിയായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഈ പദ്ധതിയുടെ നിർമ്മാണ പുരോഗതി രണ്ട് വർഷം പിന്നിടുമ്പോൾ 30 ശതമാനം മാത്രമാണെന്നത് എത്ര നിരാശാജനകമാണ്. 22.47 കിലോമീറ്റർ ദൂരമുള്ള ഈ റോഡിന്റെ റൂട്ടിൽ 14.4 കിലോമീറ്റർ കോൺക്രീറ്റ് റോഡാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ റോഡിന്റെ കോൺക്രീറ്റ് തുടർച്ചയായി പൂർത്തീകരിക്കാതെ അവിടവിടെയായി മാത്രം കോൺക്രീറ്റ് ചെയ്തിരിക്കുന്നതിനാൽ ഒരു തരത്തിലും വാഹനഗതാഗതം സാധ്യമല്ല. ഇരുപത്തിയാറോളം കലുങ്കുകളുള്ളതിൽ ചിലത് മാത്രമാണ് പൂർത്തീകരിച്ചത്. ബാക്കി പകുതി പണിതും പകുതി പൊളിച്ചുമിട്ടിരിക്കുന്നതിനാൽ ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് സംബന്ധിച്ച്, ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സമയബന്ധിതമായി ഇലക്ട്രിക് പോസ്റ്റുകളും വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനുകളും മാറ്റേണ്ടതുണ്ട്. അതോടൊപ്പം സോഷ്യൽ ഫോറസ്റ്റിയുമായി

ബന്ധപ്പെട്ട് വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ട സാഹചര്യവുമുണ്ട്. ഇതുസംബന്ധിച്ച് നിരവധി മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. പക്ഷേ ഇതൊന്നും യഥാസമയം നടത്താത്തതിനാൽ അതിന്റേതായ തടസ്സങ്ങൾ നിർമ്മാണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ കാലഘട്ടത്തിൽ വലിയൊരു അപകടമുണ്ടായി. മൂവാറ്റുപുഴ ആറിൽ പോയ 5 പേരിൽ മൂന്നുപേർ മരണപ്പെടുന്ന സാഹചര്യമുണ്ടായി. ആ പ്രദേശത്ത് ഒരു ആംബുലൻസ് എത്തുന്നതിനോ ഫയർ ഫോഴ്സിന്റെ വാഹനം എത്തിക്കുന്നതിനോ സാധിക്കാതെ വാഹനഗതാഗതത്തിന് തടസ്സമുണ്ടാകുന്നതും വളരെ പ്രയാസം നേരിടുന്നതുമായ സാഹചര്യമാണുള്ളത്. ഇക്കാര്യംകൂടി ഈ സബ്മിഷനുമായി ബന്ധപ്പെടുത്തി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്ന വിഷയങ്ങളിൽപോലും ഇത് വളരെ പ്രതിസന്ധി തീർക്കുകയാണ്. ജനങ്ങളുടെ ക്ഷേമവും നന്മയും കരുതിയാണ് പ്രളയത്തിൽ തകർന്നുപോയ ഈ റോഡിന് ഇത്രയുമധികം തുക അനുവദിച്ചത്. എന്നാൽ ഈ പ്രവൃത്തിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലെ ജനങ്ങൾ പ്രത്യേകിച്ച്, കെ.പി.പി.എൽ. എന്ന സർക്കാർ ഏറ്റെടുത്ത കമ്പനി സി.സി.എൽ. എന്ന

സിമെന്റ് കമ്പനി, വൈക്കത്തെ ഏക റെയിൽ വേസ്റ്റേഷനായ പിറവം റോഡ് റെയിൽവേസ്റ്റേഷൻ, കേന്ദ്രീയ വിദ്യാലയവും ഭവൻസ് വിദ്യാമന്ദിരും ഉൾപ്പെടെയുള്ള 4 സ്കൂളുകൾ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം വിവരണാതീതമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയും സർക്കാരിനെയും അറിയിക്കുകയാണ്. കരാർ പ്രകാരം 11-11-2023-ൽ പൂർത്തിയാക്കേണ്ട ഈ പ്രവൃത്തിക്ക് 01-04-2024 വരെ നൽകിയ ആദ്യ എക്സ്റ്റൻഷൻ തീയതി അവസാനിച്ചു. ഇപ്പോൾ രണ്ടാമത്തെ എക്സ്റ്റൻഷനുവേണ്ടി ഗവൺമെന്റിനെ സമീപിച്ചിരിക്കുന്ന ഈ പദ്ധതി ഇനി നൽകുന്ന കാലാവധിക്കുള്ളിലെങ്കിലും തീർക്കുന്നതിന് ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും സഹായമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയതാണ്. റോഡിന്റെ ദൂരവും മറ്റുമൊക്കെ ഇവിടെ സൂചിപ്പിച്ചു. ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ 12-05-2022-ൽ സൈറ്റ്

അവർക്ക് കൈമാറി നൽകി. എന്നാൽ ഇതിന്റെ പ്രവൃത്തിയുടെ പുരോഗതി 30 ശതമാനം മാത്രമാണ് കൈവരിക്കാൻ സാധിച്ചത്. ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി വക കുടിവെള്ള പൈപ്പുകളും കെഎസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതൊക്കെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ നടത്തുന്നത് കരാറുകാരൻ വഴയാണ്. ഈ പദ്ധതിയുടെ മേൽ പ്രവൃത്തികൾ അഡീഷണൽ വർക്കായി കരാറുകാരെതന്നെയാണ് ഏൽപ്പിച്ചിട്ടുള്ളതും കുടിവെള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന ജോലി നിർവ്വഹിച്ചിട്ടുള്ളതുമാണ്. എന്നാൽ കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക കുറവാണെന്നും അംഗീകരിക്കാനാവില്ലെന്നും കരാറുകാർ നിലപാടെടുക്കുന്ന സ്ഥിതിയുണ്ടായി. അതുകാരണം അത് മാറ്റി സ്ഥാപിക്കാൻ കാലതാമസമുണ്ടായി. കെ.എസ്.ഇ.ബി. അധികൃതരുമായി നിരന്തരം ചർച്ച നടത്തി. അവസാനം അംഗീകൃത എസ്റ്റിമേറ്റിലെ എ പോളുകൾക്ക് പകരം പി.എസ്.സി. പോളുകൾ ഉപയോഗിക്കാൻ തീരുമാനിച്ചു. ഇതുപ്രകാരം കരാറുകാരൻ കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്ന ജോലി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. വൈക്കം

നിയോജകമണ്ഡലത്തിൽ വരുന്ന 14.5 കിലോമീറ്റർ റോഡും കോൺക്രീറ്റ് റോഡായാണ് നിർമ്മിക്കുന്നത്. 5.83 കിലോമീറ്റർ റോഡ് ഇപ്പോൾ പി.ക്യൂ.സി. ചെയ്തിരിക്കുന്നു. എന്നാൽ പ്രവൃത്തിക്ക് ഇനിയും വേഗത കൂട്ടേണ്ടതായിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കി വർക്ക് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് വൈക്കത്തുമാത്രമല്ല പല നിയോജകമണ്ഡലങ്ങളിലും സമാനമായ പല പ്രശ്നങ്ങളുമുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് പല എം.എൽ.എ.-മാരും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വളരെ ന്യായമാണ്. ചില പ്രശ്നം മറ്റ് പൊതുമരാമത്ത് വകുപ്പ് പ്രവൃത്തിപോലെ കെ.എസ്.ടി.പി. പ്രവൃത്തിയിൽ നമുക്ക് എളുപ്പത്തിൽ പരിഹരിച്ചുപോകാൻ കഴിയില്ല. അതുകൊണ്ട് കെ.എസ്.ടി.പി.-യുടെ സംസ്ഥാനത്തെ മുഴുവൻ പ്രവൃത്തികളുടെയും പുരോഗതി ചർച്ച ചെയ്യുന്നതിന് യോഗം ചേരുന്നുണ്ട്. ആ യോഗത്തിൽ പ്രത്യേകിച്ച് ഇപ്പോൾ ഇവിടെ സബ്മിഷനിൽ വന്ന ഈ

വിഷയമുൾപ്പെടെ ഉൾപ്പെടുത്തികൊണ്ട് വളരെ ഗൗരവത്തിൽ പരിശോധിച്ച് പരിഹാരം കാണാൻ ഇടപെടുമെന്ന് സഭയെ അറിയിക്കുകയാണ്.

(10) എൻ.എച്ച് 66-ന്റെ അപകടമേഖലകളിൽ ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. രമ: സർ, എൻ.എച്ച് 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂരാട് പാലം മുതൽ കുഞ്ഞിപ്പള്ളി വരെയുള്ള വടകര റീച്ചിന്റെ നിർമ്മാണത്തിലെ അപാകതകളുമായി ബന്ധപ്പെട്ട വളരെ ഗുരുതരമായ വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുന്നത്. ഇക്കാര്യം പല തവണ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബഹു. മന്ത്രി അക്കാര്യത്തിലിടപെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ സാഹചര്യം വളരെ ഗുരുതരമാണ്. മഴ പെയ്തതോടുകൂടി പല വീടുകളിലും വെള്ളം കയറി വീട്ടുകാർക്ക് താമസിക്കാൻ കഴിയാത്ത അവസ്ഥയാണ്. ചോറോട് ഭാഗത്ത് 25 ഓളം വീടുകളിൽ വെള്ളം കയറി പലരെയും മാറ്റി താമസിപ്പിക്കുകയും പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വരികയും ചെയ്തിട്ടുണ്ട്; അവിടെ നാലഞ്ച് ദിവസം കഴിഞ്ഞശേഷമാണ് ആ വെള്ളം ഇറങ്ങിയത്. നിർമ്മാണത്തിലെ ഡ്രെയിനേജിന്റെ അപാകതയാണ് വലിയ

പ്രശ്നമായത്. മറ്റൊരു പ്രശ്നം, അവിടെ വലിയതോതിൽ മണ്ണ് എടുത്തുകൊണ്ട് 15 മീറ്ററോളം ഉയരമുള്ള റോഡുകളാണുള്ളത്. ഉയരത്തിലുള്ള സ്ഥലങ്ങളിൽനിന്ന് മണ്ണ് ഇടിഞ്ഞ് താഴേയ്ക്ക് വീഴുകയാണ്. അതിനായി അവർ സോയിൽ ലെയ്നിംഗ് എന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. ഇതിനായി ക്ലാമ്പടിച്ച് നെറ്റിട്ട് കോൺക്രീറ്റ് ചെയ്യുകയാണ്. ഇതൊരിക്കലും ശാസ്ത്രീയമല്ലെന്ന് അത് നിർമ്മിക്കുന്ന സമയത്തുതന്നെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ ഇപ്പോൾ ജൂലൈ ഒന്നാം തീയതി മുക്കാലി ഭാഗത്ത് ഏകദേശം പതിനഞ്ചോളം മീറ്റർ ഉയരത്തിൽ ഈ പ്രവൃത്തി ചെയ്ത ഭാഗം മുഴുവൻ ഇടിഞ്ഞ് താഴെ വീഴുന്ന സ്ഥിതിയുണ്ടായി. നാട്ടുകാരുടെ സമയോചിതമായ ഇടപെടൽമൂലമാണ് വലിയൊരു അപകടം അവിടെനിന്ന് ഒഴിവായത്. റോഡിന്റെ രണ്ട് സ്ഥലങ്ങളിലും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. ആ ഭാഗത്ത് അഞ്ചോളം വീടുകളുണ്ട്. ആ വീടുകൾ വളരെ അപകടകരമായ അവസ്ഥയിലാണ്. വീട്ടുകാരെ തൽക്കാലം മാറ്റി പാർപ്പിച്ചിട്ടുണ്ട്. അടിയന്തരമായി ആ ഭൂമിയും വീടും ഏറ്റെടുത്തുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ

എൻ.എച്ച്.-ന്റെ പ്രവൃത്തി അദാനിക്കാണ് കൊടുത്തത്. അദാനി ഇത് വാഗാഡ് എന്ന കമ്പനിയെയാണ് നടപ്പാക്കാനായി ഏല്പിച്ചത്. വാഗാഡ് എന്ന കമ്പനിയുടെ പ്രവർത്തനത്തിൽ വളരെയധികം അപാകതകളുണ്ടാകുന്നുണ്ട്. ഡ്രെയിനേജ് സംവിധാനം ശരിയായ രീതിയിലല്ല. വടകര ൗണിൽ മണിക്കൂറുകളോളമുള്ള വാഹനകുരുക്കാണ് ഉണ്ടാകുന്നത്. മഴക്കാലത്ത് വാഹനങ്ങളുടെ നീണ്ട ക്യൂവാണുണ്ടാകുന്നത്. സർവ്വീസ് റോഡുകളൊന്നും പ്രോപ്പറായ രീതിയിൽ ചെയ്തിട്ടല്ല ഗതാഗതം തിരിച്ചുവിടുന്നത്. അതിന്റെ ഭാഗമായി പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. പാലയാട് നട, മടപ്പള്ളി, മുക്കാളി ഉൾപ്പെടെ ഉയരങ്ങളിലുള്ള ഭാഗങ്ങളിൽ സോയിൽ ലെയ്നിംഗാണ് ചെയ്യുന്നത്. പവ എന്ന കമ്പനിക്ക് ഇതിന്റെ ചുമതല നൽകിയതെന്നാണ് അവർ പറയുന്നത്. തീർച്ചയായും ഈ നിർമ്മാണം അശാസ്ത്രീയമാണ്. തട്ടുകളായി കോൺക്രീറ്റ് മതിലുകൾ നിർമ്മിക്കുകയാണ് ശാസ്ത്രീയമായ പരിഹാരമാർഗ്ഗം. അത് ചെയ്യാനാവശ്യമായ നിർദ്ദേശം കൊടുക്കണം. അതുപോലെ 5 വീട്ടുകാരെ അടിയന്തരമായി മാറ്റി പാർപ്പിക്കാനും ഭൂമി ഏറ്റെടുത്തുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നൽകാനും തയ്യാറാകണം. കുറ്റകരമായ അനാസ്ഥ നടത്തുന്ന

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ജീവിതം വളരെ ദുരിതപൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. അടിയന്തരമായി ആരുടെ ഭാഗത്താണ് വീഴ്ചയുണ്ടായതെന്ന് കണ്ടെത്തി ഉദ്യോഗസ്ഥരുടെമേൽ നടപടിയെടുക്കുകയാണ് ചെയ്യേണ്ടത്. ബഹുമാനപ്പെട്ട് മന്ത്രി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടെന്നറിയാം. പക്ഷേ വളരെ ഗൗരവത്തിലുള്ള ഇടപെടൽ ആവശ്യമാണ്. ഈ വീടും സ്ഥലവും ഏറ്റെടുക്കാനും നിർമ്മാണത്തിലെ അപാകത പരിഹരിച്ചുകൊണ്ട് ജനങ്ങളുടെ ജീവിതം സ്വസ്ഥമായി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കാനും സർക്കാരും മന്ത്രിയും ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, NH 66-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഇവിടെ അവതരിപ്പിച്ചത്. അഴിയൂർ-വെങ്ങളം റീച്ചിലെ മുക്കാളിയിലുണ്ടായ മണ്ണിടിച്ചിൽ സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചു. സോയിൽ നെയിലിംഗ് പ്രവൃത്തി ചെയ്ത ഭാഗം മഴയിൽ തകരുകയും

അത് ജനങ്ങൾക്ക് ബുദ്ധിമുട്ടാകുകയും ചെയ്തു. ഈ സംഭവം നടന്നപ്പോൾത്തന്നെ വിവരം മനസ്സിലാക്കി ദേശീയപാത അതോറിറ്റിയുമായും എം.എൽ.എ.-യുമായും സംസാരിക്കുകയും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് പ്രത്യേകം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ദേശീയപാത വികസനത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള അപകടങ്ങളുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദേശീയപാത അതോറിറ്റിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാത 66-ന്റെ പ്രവൃത്തിയുടെ ഭാഗമായി ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് യോഗം ചേരുകയുണ്ടായി. കോഴിക്കോട് നടന്ന കഴിഞ്ഞ തവണത്തെ ഡി.ഡി.സി. (ജില്ലാ വികസന സമിതി) യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ഈ വിഷയം ഞാൻ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത്തരം വിഷയങ്ങൾ പരിഹരിക്കാനും ഏകോപനം സാധ്യമാക്കാനും ഒരു നോഡൽ ഓഫീസറെ (ഡെപ്യൂട്ടി കളക്ടറെ) നിശ്ചയിച്ചു. ദേശീയപാത അതോറിറ്റിയുടെ യോഗത്തിലും ഇതുസംബന്ധിച്ച് പറഞ്ഞിരുന്നു. ജില്ലാ കളക്ടർമാർ

ഉൾപ്പെടെയുള്ളവരുടെ യോഗത്തിൽ എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. പ്രസ്തുത വിഷയം പരിഹരിക്കുന്നതിൽ ദേശീയപാത അതോറിറ്റി ഇടപെടുമെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിയില്ല. കാരണം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കേന്ദ്ര സർക്കാരിന് കീഴിലാണ് സേവനമനുഷ്ഠിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും പാളിച്ചകളുണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങൾ ദേശീയപാത അതോറിറ്റിയെ അറിയിക്കുമ്പോൾ അക്കാര്യത്തിൽ കേന്ദ്ര സർക്കാർ ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്ന സ്ഥിതിയാണ് പൊതുവെ ഉണ്ടാകേണ്ടത്. കോഴിക്കോട് നോഡൽ ഓഫീസർ ഈ മേഖലയിൽ നേരിട്ടെത്തി കാര്യങ്ങൾ പരിശോധിച്ചു. രണ്ട് ദിവസം കഴിഞ്ഞ് ഇതുമായി ബന്ധപ്പെട്ട് അദ്ദേഹവുമായി ഒരു ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. NHAI (National Highways Authority of India)-യുടെ ഏതെങ്കിലും ഉദ്യോഗസ്ഥർ അലംഭാവം കാട്ടുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് NHAI-ക്ക് റിപ്പോർട്ട് നൽകണമെന്ന് ജില്ലാ കളക്ടറോട് പ്രത്യേകം ആവശ്യപ്പെടാം. ഇത്

മുടങ്ങിപ്പോയൊരു പദ്ധതിയാണ്. ഞാൻ നിയമസഭയിൽ പലതവണ അതുസംബന്ധിച്ച് പറഞ്ഞതാണ്, ഇനിയും പറയേണ്ടതുണ്ട്. കാരണം, ചരിത്രം ഒരിക്കലും തമസ്കരിക്കേണ്ടതല്ല. എൽ.ഡി.എഫ്. സർക്കാരിന്റെ ഇടപെടലാണ് NH 66 ജീവൻവച്ച് യാഥാർത്ഥ്യമാകാൻ കാരണം. ഇത് ഞാൻ ഉൾപ്പെടെയുള്ള ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട എം.എൽ.എ.-മാർ പറയേണ്ട കാര്യമാണ്. 5600 കോടി രൂപ ചെലവഴിക്കാനുള്ള തീരുമാനം ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി അന്ന് ഒരു സംസ്ഥാന സർക്കാർ സ്വീകരിച്ചില്ലായിരുന്നെങ്കിൽ NH 66 കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാഥാർത്ഥ്യമാകുമെന്ന് ഇപ്പോൾ നമുക്ക് പറയാൻ കഴിയുന്ന സ്ഥിതിയുണ്ടാകില്ലായിരുന്നു. ഈ പ്രവൃത്തിയുൾപ്പെടെ കാസർഗോഡ് മുതൽ തൃശ്ശൂർ വരെ NH 66-ന്റെ വലിയൊരു ശതമാനം പ്രവൃത്തി വളരെ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയും. കേരളത്തിൽ 2025 ഡിസംബർ മാസത്തോടുകൂടി NH 66-ന്റെ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന സന്തോഷ വിവരം ഒരിക്കൽക്കൂടി സഭയുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ജനങ്ങളുടെ പിന്തുണയുണ്ട്. ദേശീയപാതയുടെ പ്രവൃത്തി നടക്കുമ്പോൾ ജനങ്ങൾ

നല്ല രീതിയിൽ സഹകരിക്കുകയുണ്ടായി. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾ ധാരാളം പ്രയാസമനുഭവിച്ചിട്ടുണ്ട്. എന്നാൽ ഈ സ്വപ്ന സാഫല്യം മനസിലാക്കിക്കൊണ്ട് ജനങ്ങൾ അതിനോട് സഹകരിച്ചു. നിലവിലുള്ള പ്രശ്നം വളരെ ന്യായമാണ്. ഇക്കാര്യത്തിൽ എല്ലാ നിലയിലും സർക്കാർ ഇടപെട്ട് ദേശീയപാത അതോറിറ്റിയുമായി ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവരുമെന്ന് സഭയെ അറിയിക്കുകയാണ്.

(11) <u>ആയയിൽ മുള്ളറവിള, നെയ്യാറ്റിൻകര കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. കെ. ആൻസലൻ</u>: സർ, 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച, നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിലെ രണ്ട് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഉന്നയിക്കുന്നത്. നെയ്യാറ്റിൻകര ടൗണിലെ കന്നിപ്പുറം പാലമാണ് അതിൽ ഒന്നാമത്തേത്. അവിടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചെങ്കിലും ടെൻഡർ നടപടികൾ വൈകുകയാണ്. ആയയിൽ മുള്ളറവിള പാലമാണ് രണ്ടാമത്തേത്. ഇതിനായി ഭൂമിയേറ്റെടുക്കൽ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഏകദേശം ഏഴ് വർഷങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ച പദ്ധതികളാണിവ. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമം ദുരുപയോഗം

ചെയ്യുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. സമയബന്ധിതമായി ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അമാന്തം, അതിന് നിയോഗിക്കപ്പെട്ട എക്സ്പെർട്ട് കമ്മിറ്റികൾ നിശ്ചിത സമയത്ത് റിപ്പോർട്ട് നൽകാതിരിക്കുന്നത്, ഇക്കാര്യങ്ങളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മ തുടങ്ങിയവയെല്ലാം ഇത്തരത്തിൽ സംശയമുണ്ടാകാനുള്ള കാരണങ്ങളാണ്. കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) ആണ് പ്രസ്തുത പ്രവൃത്തികൾക്കായി ഫണ്ട് ലഭ്യമാക്കുന്നത്. നടപടികൾ വൈകുന്നതിന്റെ ഭാഗമായി ഏഴ് വർഷത്തിനുശേഷം നിലവിൽ പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് നിരക്ക് 2016-17 ഘട്ടത്തിലുള്ളതിനേക്കാൾ അധികരിക്കുകയാണ്. അത്തരത്തിൽ ഭൂമിയേറ്റെടുക്കുന്നതിലും നിർമ്മാണ പ്രവർത്തനത്തിലും കോടിക്കണക്കിന് രൂപയാണ് പൊതുമരാമത്ത് വകുപ്പിന് അധികമായി വിനിയോഗിക്കേണ്ടിവരുന്നത്. ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും ഭൂമിയേറ്റെടുക്കുന്നതിനുമെല്ലാം കൃത്യമായ സമയം നിശ്ചയിച്ച് നടപടികൾ വേഗത്തിലാക്കണം. 2024, ഡിസംബർ 31-ാം

തീയതിയെങ്കിലും ഈ രണ്ട് പാലങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ പ്രത്യേകമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ രണ്ട് പാലങ്ങളുമായി ബന്ധപ്പെട്ട സബ്മിഷനാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് ആയയിൽ മുള്ളറവിള പാലത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതിനായി ഇരുപത് കോടി ആറ് ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. പാലം പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കുന്നതിനായി ചമയങ്ങളുടെ വിലനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനും 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ഭൂമി വിലയായ ഏഴ് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ റവന്യൂ വകുപ്പിലെ ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് കൈമാറുകയും ചെയ്തു. പാലത്തിന്റെ സ്പാനിലും അപ്രോച്ച് റോഡിലും വന്നിട്ടുള്ള മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ്

പി.ഡബ്ല്യൂ.ഡി. പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് മുഖാന്തരം തയ്യാറാക്കിവരികയാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയായാലുടൻ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധിക തുക ആവശ്യമെങ്കിൽ അതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ച് അധിക സാമ്പത്തിക അനുമതിയും നേടുന്നതാണ്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നെയ്യാറ്റിൻകര കന്നിപ്പുറം പാലം പ്രവൃത്തിക്കും അനുമതി നൽകിയത്. ഒൻപത് കോടി എൺപത്തിയാറ് ലക്ഷം രൂപയ്ക്കാണ് സാമ്പത്തിക അനുമതി നൽകിയത്. പാലം പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞു. ഇതിനായി അഞ്ച് കോടി ഇരുപത്തിയേഴ് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് ഒൻപത് കോടി എൺപത്തിയാറ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. അത് സാമ്പത്തിക അനുമതി തുകയേക്കാൾ വർധിച്ചതിനാൽ പുതുക്കിയ സാമ്പത്തിക അനുമതി ആവശ്യമായിവന്നു. 13-03-2024-ന് കിഫ്ബിയിൽനിന്ന് പുതുക്കിയ സാമ്പത്തിക അനുമതി ലഭിച്ചെങ്കിലും ഉപാധികളോടെയായിരുന്നു അനുമതി നൽകിയത്. പാലത്തിന്റെ ഡിസൈനിൽ ചെലവ് ചുരുക്കുന്നതിനുള്ള സാധ്യത

പരിശോധിക്കാനും പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. റീഡിസൈൻ സാധ്യത പരിശോധിക്കാൻ പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിന് നൽകിയിരിക്കുകയാണ്. ഈ പരിശോധനയ്ക്കുശേഷം മാത്രമെ കിഫ്ബി അനുമതിയോടെ തുടർ നടപടികളിലേക്ക് കടക്കാൻ കഴിയുകയുള്ളൂ. രണ്ട് പാലം പ്രവൃത്തികളും ആരംഭിക്കുന്നതിനുള്ള പ്രത്യേക ഇടപെടൽ നടത്തുന്നതാണ്. ഇതിനായി KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേകം നിർദ്ദേശം നൽകാം. സബ്മിഷനിൽ ആവശ്യപ്പെട്ടതുപോലെതന്നെ എത്രയും വേഗത്തിൽ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.